# യാക്കോബായക്കാർ എന്തുകൊണ്ട കത്തോലിക്കാസഭയിൽ ചേരണം?



ഫാദർ തോമസ് വടശ്ശേരി എൽ. ഡി.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിഷയവിവരണി.

പുറം.

1. മാർത്തോമ്മാശ്ലീഹാ കൊണ്ടുവന്ന വിശ്വാസം ഏതു്? 1
2. പൌരസ്ത്യസഭ പാശ്ചാത്യസഭയോടു യോജിക്കണമോ? 10
3. അന്ത്യോക്യായും കിഴക്കും: മലങ്കരസഭ അന്ത്യോക്യായ്ക്കു വിധേയമല്ലേ? 15
4. യാക്കോബായസഭയിലെ കൂദാശകൾ ശരിയല്ലേ? 22
5. പുറജാതിക്കാരെ മാനസാന്തരപ്പെടുത്തരുതോ? 29
6. പണം മോഹിച്ചല്ലേ "റോമ്മാസഭ"യിൽ ചേരുന്നതു്? 35

---

[വില 3 അണ.

www.malankaralibrary.com

# യാക്കോബായക്കാർ എന്തുകൊണ്ടു കത്തോലിക്കാസഭയിൽ ചേരണം?

1930-ൽ മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ അഭിവന്ദ്യതിരുമേനിമാരും, പിന്നീടു മാർ സേവേറിയോസ്, മാർ ദീയസ്കോറോസ് എന്നീ അതിവന്ദ്യതിരുമേനിമാരും കത്തോലിക്കാസഭയെ ആശ്ലേഷിച്ചതുമുതൽ കേരളത്തിലെ യാക്കോബായ, മാർത്തോമ്മാ ആദിയായ സഭകളിൽനിന്നു വൈദികർ ഉൾപ്പെടെ നിരവധി ആളുകൾ കത്തോലിക്കാസഭയിൽ പ്രവേശിച്ചുവരുന്നു. പുതുതായി എവിടെയെങ്കിലും വല്ലവരും കത്തോലിക്കാ സഭാംഗങ്ങളായാൽ അകത്തോലിക്കാസഹോദരങ്ങൾ പലേതരത്തിലുള്ള അഭിപ്രായങ്ങൾ ജനതാമദ്ധ്യേ പ്രചരിപ്പിക്കാറുണ്ട്. പുനരൈക്യപ്പെട്ടവരുടെ വിശ്വാസത്തെ ചഞ്ചലപ്പെടുത്തി അവർ പരിത്യജിച്ച അകത്തോലിക്കാസഭകളിലേക്കുതന്നെ കഴിയുമെങ്കിൽ അവരെ കൊണ്ടുവരുന്നതിനും, പുനരൈക്യപ്പെട്ടവരെ അനുകരിച്ചു മററാരും കത്തോലിക്കാസഭയിലേക്കു പോകാതിരിക്കുന്നതിനും വേണ്ടിയത്രേ അകത്തോലിക്കാസഹോദരങ്ങൾ ഇങ്ങനെയുള്ള അഭിപ്രായങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുവാൻ ഔത്സുക്യം പ്രദർശിപ്പിക്കുന്നത്. ഈ ലഘുലേഖയിൽ ഇപ്രകാരമുള്ള ഏതാനും ചില അഭിപ്രായങ്ങൾ ഉദ്ധരിച്ച് അവയ്ക്കു മറുപടി പറയുവാൻ ഉദ്ദേശിക്കുന്നു.

## 1. മാർത്തോമ്മാശ്ലീഹാ കൊണ്ടുവന്ന വിശ്വാസം ഏതു്?

ക്രിസ്ത്വാബ്ദം 52-ൽ വി. തോമ്മാശ്ലീഹാ ഇൻഡ്യയിൽ സ്ഥാപിച്ച അതേസഭയിലും അദ്ദേഹം മലങ്കരയിൽ കൊണ്ടുവന്ന അതേവിശ്വാസത്തിലുമാണു തങ്ങൾ നിൽക്കുന്നതെന്നു കേരളത്തിലെ കത്തോലിക്കരും, തൃശ്ശൂരുള്ള നെസ്തോറിയരും (സുറായികൾ), യാക്കോബായക്കാരും, നവീകരണക്കാർ അഥ

www.malankaralibrary.com

വാ മാർത്തോമ്മാക്കാരും അഭിമാനപൂർവ്വം പറഞ്ഞുവരുന്നു. എന്നാൽ ഈ സഭകളുടെ വിശ്വാസവിഷയങ്ങളെ പരിശോധിച്ചാൽ സർവ്വപ്രധാനമായ കാര്യങ്ങളിൽപ്പോലും ഇവ തമ്മിൽ ഭിന്നതയുള്ളതായും, ചില കാര്യങ്ങളിൽ പരസ്പരവിരുദ്ധമായ ഉപദേശങ്ങൾ സ്വീകരിച്ചിരിക്കുന്നതായും കാണാം. ഉദാഹരണമായി ഈ സഭകളിൽ ഓരോന്നും ഇതരസഭകളെ മുടക്കപ്പെട്ട സഭകളോ അഥവാ അബദ്ധോപദേശങ്ങൾ പഠിപ്പിക്കുന്ന സഭകളോ ആയി പരിഗണിക്കുന്നു. തന്നിമിത്തം ഒരു സഭയുടെ അംഗങ്ങൾ മററു സഭകളിൽനിന്നു കൂദാശകൾ സ്വീകരിക്കുന്നതും, ഒരു സഭക്കാർ ഇതര സഭാംഗങ്ങൾക്കു കൂദാശകൾ കൊടുക്കുന്നതും ഭയങ്കര പാപമാണെന്ന് ഈ സഭകളെല്ലാം വിശ്വസിക്കുന്നു. ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു വ്യക്തിത്വങ്ങൾ ഉണ്ടെന്നും, കന്യകമറിയാമിനെ ദൈവമാതാവെന്നു വിളിക്കുവാൻ പാടില്ലെന്നും നെസ്തോറിയൻ സഭ പഠിപ്പിക്കുന്നു. എന്നാൽ ഇവ ഭയങ്കര പാഷണ്ഡോപദേശങ്ങളാണെന്നും, മനുഷ്യാവതാരംചെയ്ത ദൈവപുത്രനിൽ യഥാർത്ഥദൈവത്വവും യഥാർത്ഥമനുഷ്യത്വവുമുണ്ടെങ്കിലും ദൈവികവ്യക്തിത്വം എന്ന ഏക വ്യക്തിത്വമേ ഉള്ളുവെന്നും, സാക്ഷാൽ ദൈവവുംകൂടിയായ ക്രിസ്തുവിനെ കന്യകമറിയാം പ്രസവിച്ചതിനാൽ യഥാർത്ഥത്തിൽ കന്യകമറിയാമിനെ ദൈവമാതാവെന്നു വിളിക്കാമെന്നും ഇതരസഭകൾ പഠിപ്പിക്കുന്നു. വി. പത്രോസിനു സഭമുഴുവനിലും പരമാധികാരം സിദ്ധിച്ചിരുന്നെന്നു കത്തോലിക്കാസഭയും, യാക്കോബായസഭയിലെ ഒരു വിഭാഗമായ പാത്രിയർക്കീസുകക്ഷിയും പഠിപ്പിക്കുമ്പോൾ യാക്കോബായസഭയിലെ മറെറാരു വിഭാഗമായ ഓർത്തഡോക്സുകക്ഷിയും മാർത്തോമ്മാസഭയും വി. പത്രോസിന്റെ പരമാധികാരത്തെ നിഷേധിച്ചുകൊണ്ടു അപ്പോസ്തോലന്മാരെല്ലാം അധികാരത്തിൽ സമന്മാരായിരുന്നെന്നു് ഉപദേശിക്കുന്നു. വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമി റോമ്മാമാർപ്പാപ്പായാണെന്നും, ലോകത്തിലുള്ള എല്ലാ പ്രാദേശികസഭകളും കത്തോലിക്കാസഭയുടെ വിശ്വാസത്തിലും മാർപ്പാപ്പായോടുള്ള ഐക്യത്തിലും നിൽക്കേണ്ടതാണെന്നും കത്തോലിക്കാസഭ പഠിപ്പിക്കുന്നു. എന്നാൽ പാത്രിയർക്കീസു

www.malankaralibrary.com

കക്ഷിയാവട്ടെ അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസാ ണു വി. പത്രോസിന്റെ യഥാൎത്ഥപിൻഗാമിയെന്നും, വിദേശത്തെ യാക്കോബായക്കാരും മലങ്കര യാക്കോബായക്കാരും ഉൾപ്പെട്ട യാക്കോബായ സുറിയാനിക്കാരെല്ലാം ഈ യാക്കോബായ പാത്രിയക്കീസിന്റെ ഐക്യത്തിൽ നില്ക്കണമെന്നും പഠിപ്പിക്കുന്നു. ഓൎത്തോഡോക്സ്സുകക്ഷിയും മാൎത്തോമ്മാക്കാരുമാകട്ടെ വി. തോമ്മാശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ച സിംഹാസനം സൎവ്വസ്വാതന്ത്ര്യമാണെന്നും, വിദേശത്തുള്ള മാർ പ്പാപ്പായുടെയോ, ഏതെങ്കിലും പാത്രിയക്കീസിന്റെയോ അധികാരത്തിനു മലങ്കരസഭ ഒരുനാളും വിധേയമായിരിക്കേണ്ട യാതൊരാവശ്യവുമില്ലെന്നും അഭിപ്രായപ്പെടുന്നു. വി. കൂദാശകൾ ഏഴുണ്ടെന്നു കത്തോലിക്കരും, നെസ്തോറിയരും, യാക്കോബായക്കാരും പഠിപ്പിക്കുമ്പോൾ മാൎത്തോമ്മാക്കാർ ചില കൂദാശകളെ പാടേ നിഷേധിച്ചുകൊണ്ടു വി. കുർബാന ബലിയല്ലെന്നും, വി. കുർബാനയിൽ ക്രിസ്തുവിന്റെ യഥാൎത്ഥ സാന്നിദ്ധ്യമുണ്ടെന്നോ ഇല്ലെന്നോ വിശ്വസിക്കാമെന്നും പറയുന്നു. പട്ടക്കാരന്റെ അടുക്കൽ പാപങ്ങൾ ഏററുപറഞ്ഞു പട്ടക്കാരൻ വഴിയായിട്ടു മാത്രമേ ഒരാൾക്കു മാമ്മോദീസാ സ്വീകരിച്ചശേഷം ചെയ്ത കഠിനപാപങ്ങൾക്കു മോചനം ലഭിക്കുവാൻ സാധിക്കയുള്ളു എന്നു കത്തോലിക്കരും, നെസ്തോറിയരും, യാക്കോബായക്കാരും നിസ്സംശയം പഠിപ്പിക്കുമ്പോൾ പാപമോചനം ലഭിപ്പാൻ പട്ടക്കാരനെ ആവശ്യമില്ലെന്നും, പാപങ്ങളെപ്പററി അനുതപിച്ചാൽ മാത്രം മതിയെന്നും മാൎത്തോമ്മാക്കാർ ഉപദേശിക്കുന്നു. വിശുദ്ധന്മാരോടു പ്രാൎത്ഥിക്കുന്നതും, മരിച്ചവൎക്കുവേണ്ടി അപേക്ഷിക്കുന്നതും ഫലവത്താണെന്നു കത്തോലിക്ക, നെസ്തോറിയൻ, യാക്കോബായ എന്നീ സഭകൾ പഠിപ്പിക്കുന്നുണ്ടെങ്കിലും മാൎത്തോമ്മാസഭ പഠിപ്പിക്കുന്നതു വിശുദ്ധന്മാരോടു പ്രാൎത്ഥിക്കുന്നതു നിരൎത്ഥകവും ദൈവനിന്ദനവുമാണെന്നും, മരിച്ചവൎക്കുവേണ്ടി അപേക്ഷിക്കുന്നതു പുറജാതിമതത്തിൽ നിന്നെടുത്ത മൂഢവിശ്വാസമാണെന്നും അത്രേ. ഏതായാലും ക്രിസ്തുവിൽ രണ്ടു വ്യക്തിത്വമുണ്ടെന്നും അല്ല ഒന്നേയുള്ളുവെന്നും, കന്യകമറിയാമിനെ ദൈവമാതാവെന്നു വിളിക്കുവാൻ പാടുണ്ടെന്നും ഇല്ലെന്നും,

വി. പത്രോസിന്നു പരമാധികാരമുണ്ടെന്നും ഇല്ലെന്നും, മലങ്കരസഭ വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിക്കു വിധേയമായിരിക്കണമെന്നും അങ്ങനെ വേണ്ടെന്നും, കൂദാശകൾ ഏഴുണ്ടെന്നും ഏഴില്ലെന്നും, വി. കുർബാന സാക്ഷാൽ ബലിയാണെന്നും അല്ലെന്നും, കൂദാശചെയ്യപ്പെട്ട അപ്പവീഞ്ഞുകൾ യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ ശരീരരക്തങ്ങളാണെന്നും അല്ലെന്നും, പാപമോചനത്തിന്നു പട്ടക്കാരന്റെ അടുക്കൽ പാപങ്ങൾ ഏററുപറയണമെന്നും വേണ്ടെന്നും, വിശുദ്ധന്മാരോടു പ്രാർത്ഥിക്കുന്നതും മരിച്ചവർക്കുവേണ്ടി അപേക്ഷിക്കുന്നതും ഫലവത്താണെന്നും അല്ലെന്നും മററുമുള്ള പരസ്പര വിരുദ്ധമായ ഈ ഉപദേശങ്ങളെല്ലാം വി. തോമ്മാശ്ലീഹായിൽനിന്നോ, സത്യസ്വരൂപിയായ ദൈവത്തിൽ നിന്നോ വന്നതല്ലെന്നു സുബുദ്ധിയുള്ള ഏവർക്കും അറിയാം. വെളിച്ചവും ഇരുട്ടും, നീതിയും അനീതിയും, സത്യവും അസത്യവും, പകലും രാത്രിയും ഒന്നാണെന്നു പറയുന്നതുപോലെ അത്രേ ഈ ഉപദേശങ്ങളെല്ലാം ശരിയാണെന്നു പറയുന്നതും. നിസ്സാര കാര്യങ്ങളിലാണ് ഈ ഭിന്നതകളും പരസ്പര വൈരുദ്ധ്യവുമെങ്കിൽ ഇവയെ വകവെയ്ക്കേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ സഭയുടെ ഭരണഘടന, ആത്മശുദ്ധീകരണമാർഗ്ഗങ്ങളായ വിശുദ്ധകൂദാശകളുടെ സംഖ്യ, അവയുടെ ആവശ്യകത, ഫലങ്ങൾ ആദിയായ വളരെ പ്രധാനപ്പെട്ട കാര്യങ്ങളിലാണ് ഇവ നാം ദർശിക്കുന്നത്. ആകയാൽ ഇന്നു കേരളത്തിലുള്ള കത്തോലിക്ക, നെസ്തോറിയൻ, യാക്കോബായ," മാർത്തോമ്മാ എന്നീ സഭകളുടെയെല്ലാം സ്ഥാപകൻ വി. തോമ്മാശ്ലീഹാ അല്ലെന്നും, ഈ സഭകളുടെ ഉപദേശങ്ങളെല്ലാം തോമ്മാശ്ലീഹായിൽ നിന്നു വരുവാൻ നിവൃത്തിയില്ലെന്നും സുബുദ്ധിയുള്ള ആർക്കും സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അങ്ങനെയെങ്കിൽ ഇന്നു മലങ്കരയിലുള്ള വിവിധ സഭകളിൽ ഏതാണ് വി. തോമ്മാശ്ലീഹാ സ്ഥാപിച്ച സഭ, ഏതാണ് അപ്പൊസ്തോലികകാലം തുടങ്ങിയുള്ള ഉപദേശങ്ങൾ സ്വീകരിച്ചിട്ടുള്ള സഭയെന്നു നാം നല്ലതുപോലെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

സഭാചരിത്രം പൊതുവെയും, മലങ്കര സഭാചരിത്രം പ്ര ത്യേകിച്ചും നിഷ്പക്ഷബുദ്ധ്യാ പഠനം ചെയ്താൽ മാത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച സഭ ഏതെന്നും, അതിന്റെ വിശ്വാസം എന്തെന്നും നിഷ്പ്രയാസം ബോദ്ധ്യമാകും. ദൈവപുത്രനായ ക്രിസ്തു സർവ്വലോകത്തിന്റെയും രക്ഷയ്ക്കായി ഒരു സഭയെ അല്ലാതെ ഒന്നിലധികം സഭകളെ ലോകത്തിൽ സ്ഥാപിച്ചിട്ടില്ല. ക്രിസ്തു സ്ഥാപിച്ച ഈ ഏക സത്യസഭയെ അപ്പൊസ്തോലന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിപ്പിക്കയല്ലാതെ ഓരോസ്ഥലത്തും ഇഷ്ടാനുസരണം ഓരോ സ്വതന്ത്രസഭയെ സ്ഥാപിക്കയല്ല ചെയ്തത്. വി. പത്രോസ് ജെറുസലേമിലും, പിന്നീട് അന്ത്യോക്യായിലും ഒടുവിൽ റോമ്മായിലും, വി. പൌലോസ് കൊറീന്ത്, ഗാലാത്തിയാ, തെസ്സലോനിക്കാ ആദിയായ സ്ഥലങ്ങളിലും, വി. യോഹന്നാൻ എഫേസൂസിലും, വി. തോമ്മാ ഇൻഡ്യയിലും സ്ഥാപിച്ചസഭ ഇക്കാലത്തുള്ള നെസ്തോറിയൻ, യാക്കോബായ, പ്രോട്ടസ്റ്റന്റ ആദിയായ സഭകളെപ്പോലെ വിശ്വാസവിഷയങ്ങളിലും ഭരണത്തിലും വിഭിന്നങ്ങളായ പല സ്വതന്ത്രസഭകളല്ലായിരുന്നു. തങ്ങളുടെ ഗുരുവായ ക്രിസ്തു സർവ്വലോകത്തിന്റെയും രക്ഷയ്ക്കുവേണ്ടി സ്ഥാപിച്ച ആ ഏക സഭയെത്തന്നെയാണ് അപ്പൊസ്തോലന്മാർ റോമ്മായിലും, കൊറീന്തിലും, എഫേസൂസിലും ഇൻഡ്യയിലും മററു പ്രചരിപ്പിച്ചത്. ശ്ലീഹന്മാരുടെ തലവനായി ക്രിസ്തുതന്നെ നിയമിച്ച വി. പത്രോസിന്റെ ഐക്യത്തിൽനിന്നു വേർപെട്ടല്ല വി. പൌലോസ് കൊറീന്തിലും, വി. യോഹന്നാൻ എഫേസൂസിലും, വി. തോമ്മാ ഇൻഡ്യയിലും സഭാഭരണം നിർവ്വഹിച്ചത്. എന്തുകൊണ്ടെന്നാൽ ക്രിസ്തു വി. പത്രോസിനെ ശ്ലീഹന്മാരുടെ തലവനായി നിയമിച്ചെങ്കിൽ ആ തലവനോടു യോജിച്ചുനിന്നു സഭാഭരണം നിർവ്വഹിക്കുന്നതിനുള്ള ചുമതല അപ്പൊസ്തോലന്മാർക്കുണ്ടായിരുന്നെന്നും, ഇന്നത്തെ ചില സഭാദ്ധ്യക്ഷന്മാരെപ്പോലെ ഓരോരുത്തരും സ്വതന്ത്രരാണെന്നുള്ള അഭിപ്രായം അപ്പൊസ്തോലന്മാർക്കും അവരുടെ യഥാർത്ഥ പിൻഗാമികൾക്കും ഇല്ലായിരുന്നെന്നും സന്യായം അനുമാനിക്കാം. ഇങ്ങനെ ഏകസഭയല്ലാതെ പല സ്വതന്ത്രസഭകൾ പുരാതനകാലത്തു

www.malankaralibrary.com

ഇല്ലായിരുന്നു. ഇപ്രകാരം അപ്പോസ്തോലന്മാരാലും അവരുടെ യഥാൎത്ഥപിൻഗാമികളാലും ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിപ്പിക്കപ്പെട്ട ഭരിക്കപ്പെട്ടുപോന്ന സാൎവ്വത്രിക സഭയാണു പിൽക്കാലത്തു് അബദ്ധോപദേശങ്ങൾ പഠിപ്പിച്ചിരുന്ന പാഷണ്ഡികളെയും, സഭയിൽ നിക്ഷിപ്തമായ പരമാധികാരത്തെ നിഷേധിച്ച ശീശ്മക്കാരെയും സഭയിൽനിന്നു ശപിച്ചു ബഹിഷ്ക്കരിച്ചതു്. ഇങ്ങനെ പാഷണ്ഡതയോ ശീശ്മയോ നിമിത്തം ഓരോരോ കാലത്തു സാൎവ്വത്രികമായ സഭയിൽനിന്നു അഥവാ സഭ മുഴുവനിലും പരമാധികാരം സിദ്ധിച്ച വി. പത്രോസിന്റെ യഥാൎത്ഥ പിൻഗാമിയായ റോമ്മാ മെത്രാന്റെ പരമാദ്ധ്യക്ഷതയിലുള്ള കത്തോലിക്കാസഭയിൽ നിന്നു ശപിച്ചു ബഹിഷ്ക്കരിക്കപ്പെട്ട സഭകളോ അവയുടെ അവാന്തരവിഭാഗങ്ങളോ ആണു് ഇന്നു ലോകത്തിൽ നാം കാണുന്ന നെസ്തോറിയൻ, യാക്കോബായ, ഗ്രീക്കു, പ്രോട്ടസ്റ്റൻറു ആദിയായ അകത്തോലിക്കാ സഭകളെന്നു സഭാചരിത്രം സുവ്യക്തമായി ചൂണ്ടിക്കാണിക്കുന്നു.

വി. തോമ്മാശ്ലീഹാ ക്രിസ്ത്വബ്ദം 52-ൽ ഇൻഡ്യയിൽ വന്നപ്പോൾ ആറിയൻ, നെസ്തോറിയൻ, യാക്കോബായ, പ്രോട്ടസ്റ്റൻറു, മാൎത്തോമ്മാ മുതലായ സഭകളൊന്നും ലോകത്തിൽ ഇല്ലായിരുന്നെന്നു സഭാചരിത്രത്തിന്റെ ഹരിശ്രീ പഠിച്ചിട്ടുള്ളവൎക്കുപോലും അജ്ഞാതമല്ല. ഈ സഭകളെല്ലാം ഏതു കാലത്തു, ആരാൽ സ്ഥാപിക്കപ്പെട്ടു എന്നു ഖണ്ഡിതമായി നമുക്കറിയാം. ആറിയൻസഭ 325-ൽ നിക്യാസൂനഹദോസിൽവച്ചു ശപിക്കപ്പെട്ട ആറിയോസിൽനിന്നും, നെസ്തോറിയൻ സഭ 431-ൽ എഫേസൂസു് സൂനഹദോസിൽവച്ചു ശപിക്കപ്പെട്ട നെസ്തോറിയസിൽനിന്നും, യാക്കോബായസഭ 451-ൽ കൽക്കദോനിയാ സൂനഹദോസിൽവച്ചു ശപിക്കപ്പെട്ട എവുത്തിക്കോസ്, ദീയസ്ക്കോറോസ് ആദിയായവർ ഉൾപ്പെട്ടു് പല വിഭാഗക്കാരായിത്തീൎന്ന ഏകസ്വഭാവവാദികളിൽനിന്നു് ഒരു വിഭാഗത്തെ ആറാം നൂററാണ്ടിൽ സംഘടിപ്പിച്ചവനായ യാക്കോബ് ബുർദാനായിൽനിന്നും (ഭരണകാലം 543-578), ഗ്രീക്കുസഭ 1054-ൽ ശപിക്കപ്പെട്ട

www.malankaralibrary.com

മൈക്കേൾ ചെരുളാരിയസിൽനിന്നും, പ്രോട്ടസ്റ്റൻറ്‌സഭ 16-ാം ശതാബ്ദത്തിൽ ശപിക്കപ്പെട്ട മാർട്ടിൻ ലൂഥറിൽനിന്നും, ബ്രദർ, പെന്തിക്കോസ്‌തു, രക്ഷാസൈന്യം ആദിയായ സഭകൾ 16-ാം ശതാബ്ദത്തിനുശേഷം പ്രോട്ടസ്റ്റൻറ് വിശ്വാസത്തിൽനിന്നും, മാർത്തോമ്മാസഭ പ്രോട്ടസ്റ്റൻറ് വിശ്വാസമനുസരിച്ചു യാക്കോബായ വിശ്വാസാചാരങ്ങളെ നവീകരിച്ചതു നിമിത്തം യാക്കോബായസഭയിൽനിന്നും ശാപം സ്വീകരിച്ചവരും തിരുവല്ലായിൽ മാരാമണ്ണു സ്വദേശികളുമായ പാലക്കുന്നത്തു് അബ്രഹാം മല്പാൻ, മാർ മാത്യൂസ് അത്താനാസ്യോസ് എന്നിവരിൽനിന്നും 1876-ലും ആണ് ഉത്ഭവിച്ചതെന്നുള്ള ചരിത്രസത്യം ബാലിശമായ കാരണങ്ങൾ പറഞ്ഞു അതതു സഭക്കാർ നിഷേധിക്കുമെങ്കിലും ആ നിഷേധത്തെ ഇതര സഭക്കാരാരും വകവച്ചുകൊടുക്കുന്നില്ല. എന്നാൽ റോമ്മാമെത്രാൻ അദ്ധ്യക്ഷനായിരിക്കുന്ന കത്തോലിക്കസഭമാത്രം ഈ അകത്തോലിക്ക സഭകളെപ്പോലെ ഏതെങ്കിലും പൂർവ്വികസഭയിൽ നിന്നു വേർപെട്ടതായോ, ഏതെങ്കിലും സഭ കത്തോലിക്കസഭയെ എന്നെങ്കിലും ശപിച്ചു പുറംതള്ളിയതായോ, ക്രിസ്തുവിൻെറ കാലംകഴിഞ്ഞുള്ള ഏതെങ്കിലും ശതാബ്ദത്തിൽ ആരെങ്കിലും ഈ സഭയെ സ്ഥാപിച്ചതായോ കത്തോലിക്കസഭയെ കഠിനമായി ദ്വേഷിക്കയും അധിക്ഷേപിക്കയും ചെയ്യുന്നവർക്കുപോലും ചൂണ്ടിക്കാണിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല, ഇനി സാധിക്കയുമില്ല. ഇക്കാരണത്താൽ ഭൂമുഖത്തുള്ള അസംഖ്യം ക്രൈസ്തവ സഭകളിൽ കത്തോലിക്കസഭ മാത്രമാണു് അപ്പോസ്തോലിക കാലംമുതലുള്ളതും, ദൈവപുത്രനായ ക്രിസ്തുതന്നെ സ്ഥാപകനായുള്ളതും, ആരാലും ശപിക്കപ്പെടാത്തതുമായ ഏററം പൂർവ്വികസഭ അഥവാ മാതൃസഭയെന്നു തീരുമാനിക്കുവാൻ മടിക്കണമോ? നിക്യാ, കോൺസ്റ്റൻറിനോപ്പിൾ, എഫേസൂസ്, കൽക്കദോനിയാ ആദിയായ പൊതുസൂനഹദോസുകളുടെ ചരിത്രവും നടപടികളും വിളിച്ചുപറയുന്നതു റോമ്മാ മെത്രാൻെറ അംഗീകരണത്താലാണു് ഈ പൊതുസൂനഹദോസുകളിലേ നിശ്ചയങ്ങൾക്കു വിലയുണ്ടായിട്ടുള്ളതെന്നും, ആരിയോസ്, നെസ്തോറിയസ്സ്, എവുത്തിക്കോസ്സ്, ദീയസ്കോറോസ് ആദിയായ പാഷണ്ഡികളും,

www.malankaralibrary.com

ശീശ്മക്കാരും സാർവ്വത്രികമായ മാതൃസഭയിൽനിന്നു ശപിക്കപ്പെട്ടു ബഹിഷ്കൃതരായതു റോമ്മാമെത്രാന്റെ അധികാരപ്രയോഗത്താലാണെന്നുമത്രെ. പൊതുസൂനഹദോസുകളെ സ്വീകരിക്കുന്ന യാതൊരു സഭക്കാർക്കും മാർപ്പാപ്പായുടെ പരമാധികാരത്തെ നിഷേധിക്കുന്നതിനോ അവഗണിക്കുന്നതിനോ സാധിക്കുന്നതല്ല. ഇങ്ങനെ ക്രിസ്തു വി. പത്രോസിനു നല്കിയതും, ഏകസഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ റോമ്മാമെത്രാനിൽ സ്ഥിതി ചെയ്യുന്നതുമായ പരമാധികാരത്തിനു് എല്ലാ പ്രാദേശിക സഭകളും വിധേയമായിരുന്നതായി പുരാതനകാലം തുടങ്ങിയുള്ള സഭാചരിത്രവും പൊതുസൂനഹദോസുകളുടെ നടപടികളും അനിഷേധ്യമായി ചൂണ്ടിക്കാണിക്കുന്നതിനാൽ മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച സഭയും വി. പത്രോസ് ഭരിച്ച റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിലാണു പുരാതനകാലംതുടങ്ങി നിലനിന്നിരുന്നതു്. (ഫാദർ തോമസ്സ് വടക്കേൽ, എല്ലാ സഭകളും ശരിയോ?, പുറം 36—77 കാണുക.)

തോമ്മാശ്ലീഹായുടെ കാലം കഴിഞ്ഞുള്ള ശതാബ്ദങ്ങളിൽ മലങ്കരസഭയെ പേർഷ്യാ, സെലൂക്യാ (ബാബേൽ), അന്ത്യോക്യാ എന്നീ സിംഹാസനങ്ങളിൽ നിന്നും അയക്കപ്പെട്ട കൽദായ സുറിയാനിറീത്തുകാരായ മെത്രാന്മാർ ഭരിച്ചിരുന്നതായും അക്കാലത്തു പേർഷ്യാ, സെലൂക്യാ സിംഹാസനത്തിനും, സെലൂക്യാ അന്ത്യോക്യാ സിംഹാസനത്തിനും, അന്ത്യോക്യാ റോമ്മാസിംഹാസനത്തിനും കീഴ്പ്പെട്ടിരുന്നതായും അനിഷേധ്യമായ ചരിത്രരേഖകൾ ധാരാളമുള്ളതിനാൽ മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികൾ പുരാതനകാലംതുടങ്ങി കത്തോലിക്ക വിശ്വാസികളും റോമ്മാമെത്രാന്റെ ഐക്യത്തിലിരുന്നവരുമായിരുന്നെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ല. (ഫാ. വടക്കേൽ, കത്തോലിക്കസഭയും യാക്കോബായവാദങ്ങളും. പുറം 275—318 കാണുക)

കേരളത്തിൽ (തൃശ്ശൂർ) നെസ്തോറിയൻസഭ ഉണ്ടായതു തൊണ്ടനാട്ടു അന്തോനിയച്ചൻ എന്നൊരു കേരളീയ വൈദി

www.malankaralibrary.com

കൻ വിദേശത്തുപോയി നെസ്തോറിയൻ പാത്രിയർക്കീസിൽ നിന്നു അബ്ദീശോ എന്ന പേരിൽ മെത്രാൻപട്ടം സ്വീകരിച്ചു 1863-ൽ കേരളത്തിലേക്കു മടങ്ങിവന്ന ശേഷവും, കേരളത്തിൽ യാക്കോബായസഭ ഉത്ഭവിച്ചതു് പോർട്ടുഗീസു മേല്പട്ടക്കാരനോടു മത്സരിച്ചു 1653-ൽ പന്ത്രണ്ടു പട്ടക്കാരാൽ വാഴിക്കപ്പെട്ട തോമ്മാ അർക്കദിയാക്കോനു ശരിയായ മെത്രാൻപട്ടം കൊടുക്കുന്നതിനുവേണ്ടി വിദേശത്തുനിന്നു 1665-ൽ മാർ ഗ്രീഗോറിയോസ് എന്ന യാക്കോബായ മെത്രാനെ കേരളത്തിൽ വരുത്തിയതോടുകൂടിയും (കത്തോലിക്കാസഭയും യാക്കോബായവാദങ്ങളും പുറം 318-327 കാണുക), പ്രോട്ടസ്റ്റന്റുസഭ കേരളത്തിൽ ഉണ്ടായതു 1816-ൽ തുടങ്ങി വിദേശീയരായ പ്രോട്ടസ്റ്റന്റു മിഷ്യനറിമാർ ഇവിടെവന്നു യാക്കോബായക്കാരുടെ ഇടയിൽ ജോലി ചെയ്തതോടുകൂടിയുമത്രേ. 1054-ൽ ഉത്ഭവിച്ച ഗ്രീക്കുസഭ ഇതുവരെ കേരളത്തിൽ പ്രവേശിച്ചിട്ടില്ല. മാർത്തോമ്മാ, ബ്രദർ, പെന്തിക്കോസ്തു് ആദിയായ സഭകളെല്ലാം പ്രോട്ടസ്റ്റന്റു മിഷ്യനറിമാർ കേരളത്തിൽ വന്നശേഷം അതായതു 19-ാം ശതാബ്ദത്തോടുകൂടിയാണു നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ളതു്.

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച സഭ ക്രിസ്തുവിന്റെ ഏകസത്യസഭയെത്തന്നെയാണെന്നും, വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ റോമ്മാ മെത്രാൻ പരമാദ്ധ്യക്ഷനായിരിക്കുന്ന ഈ സഭതന്നെയാണു പുരാതനകാലങ്ങളിൽ പൊതുസൂനഹദോസുകൾ കൂടി ആരിയോസ്, നെസ്തോറിയസ്, ദീയസ്കോറോസ് ആദിയായ പാഷണ്ഡികളെയും ശീശ്മക്കാരെയും ശപിച്ചു സഭയിൽനിന്നു ബഹിഷ്കരിച്ചതെന്നും, ലോകത്തിൽ അന്നുണ്ടായിരുന്ന എല്ലാ പ്രാദേശികസഭകളെയുംപോലെ മലങ്കരസഭയും പുരാതനകാലം തുടങ്ങി റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിലാണു് ഇരുന്നതെന്നും, 1665-ൽ വിദേശത്തുനിന്നു കേരളത്തിൽ വന്ന മാർ ഗ്രീഗോറിയോസിന്റെ കാലത്തിനുശേഷമാണു മലങ്കരയിൽ യാക്കോബായ, നെസ്തോറിയൻ, പ്രോട്ടസ്റ്റന്റ്, മാർത്തോമ്മാ ആദിയായ സഭകൾ

www.malankaralibrary.com

ഉത്ഭവിച്ചതെന്നും വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ. ആകയാൽ കേരളത്തിലുള്ള യാക്കോബായ, നെസ്തോറിയൻ മുതലായ അകത്തോലിക്കസഭക്കാർ കത്തോലിക്കസഭയിൽ പ്രവേശിക്കുമ്പോൾ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച അതേ സഭയിലേക്കു—അപ്പോസ്തോലികകാലം തുടങ്ങി 1665, അതായതു 17-ാം ശതാബ്ദംവരെ മലങ്കരയിൽ ഉണ്ടായിരുന്നതും, നമ്മുടെ പൂർവ്വപിതാക്കന്മാർ സ്വീകരിച്ചനുസരിച്ചുവന്നതുമായ സത്യവിശ്വാസത്തിലേക്കു — മാതൃസഭയിലേക്കു—വരുകയാണു ചെയ്യുന്നതു്. ഇങ്ങനെ ഏകസത്യസഭയുമായി പുനരൈക്യപ്പെടുന്നവരെ അധിക്ഷേപിക്കുന്നതും വിഘ്നപ്പെടുത്തുന്നതും വി. തോമ്മാശ്ലീഹായുടെ മക്കളെന്നു് അഭിമാനിക്കുന്നവർക്കു അനുയോജ്യമോ എന്നു അകത്തോലിക്കസഹോദരങ്ങൾ അവഗാഢം ചിന്തിക്കേണ്ടതത്രേ. ധൂർത്തപുത്രൻെറ പ്രത്യാഗമത്തെ അസൂയയോടും അസംതൃപ്തിയോടും പിറുപിറുപ്പോടും കൂടി വീക്ഷിച്ച അവൻെറ ജ്യേഷ്ഠസഹോദരനെ അല്ലേ അകത്തോലിക്ക സഹോദരങ്ങൾ ഇക്കാര്യത്തിൽ അനുകരിക്കുന്നതു്? (ലൂക്കാ. 15, 25-32)

## 2. പൌരസ്ത്യസഭ പാശ്ചാത്യസഭയോടു് യോജിക്കണമോ?

കത്തോലിക്കസഭ പാശ്ചാത്യസഭയും, യാക്കോബായ, നെസ്തോറിയൻ, ഗ്രീക്കു ആദിയായ സഭകൾ പൌരസ്ത്യസഭയിൽ ഉൾപ്പെട്ടവയുമാകയാൽ കത്തോലിക്കസഭയോടു യാക്കോബായസഭയും മററും യോജിക്കേണ്ട ആവശ്യമൊന്നുമില്ലെന്നത്രേ ചില അകത്തോലിക്കരുടെ വാദം.

ക്രിസ്തു സഭയെ സ്ഥാപിച്ചകാലത്തു റോമ്മാമഹാസാമ്രാജ്യം പാശ്ചാത്യദേശത്തും പൌരസ്ത്യദേശത്തും വ്യാപിച്ചിരുന്നു. ഡയക്ലീഷൻ ചക്രവർത്തിയുടെയും (ഭരണകാലം 284-305) അദ്ദേഹത്തിൻെറ പിൻഗാമികളുടെയും ഭരണകാലത്തുണ്ടായ റോമ്മാസാമ്രാജ്യവിഭജനത്തെ അടിസ്ഥാനമാക്കിയാണു ക്രൈസ്തവലോകം പാശ്ചാത്യം, പൌരസ്ത്യം എന്നിങ്ങനെ രണ്ടായി തരംതിരിക്കപ്പെട്ടിട്ടുള്ളതു്. തിരുപിതാക്ക

www.malankaralibrary.com

റിലും കൊച്ചിയിലും വസിക്കുന്നവരെ യഥാക്രമം തെക്കരെന്നും വടക്കരെന്നും വിളിക്കാവുന്നതുപോലെ ഇതും കേവലം രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ ഒരു വിഭജനമെന്നല്ലാതെ പാശ്ചാത്യരും പൌരസ്ത്യരും പുരാതനകാലത്തു വിഭിന്നമായ രണ്ടു സഭക്കാരല്ലായിരുന്നു. വി. കുർബാന മുതലായ കൂദാശകൾ പാശ്ചാത്യഭാഷയായ ലത്തീൻ, ഗാള്ളിക്കൻ മുതലായ ഭാഷകളിൽ അനുഷ്ഠിക്കുന്നവരെ പാശ്ചാത്യസഭക്കാരായും, സുറിയാനി, ഗ്രീക്കു ആദിയായ പൌരസ്ത്യഭാഷകളിൽ അനുഷ്ഠിക്കുന്നവരെ പൌരസ്ത്യസഭക്കാരായും പരിഗണിച്ചാലും വിഭിന്നങ്ങളായ രണ്ടു സഭകളിൽ ഉൾപ്പെട്ടവരല്ലായിരുന്നു പുരാതനകാലത്തെ പാശ്ചാത്യ പൌരസ്ത്യരായ ക്രിസ്ത്യാനികൾ. എന്തുകൊണ്ടെന്നാൽ ആകാശത്തിൽ പ്രകാശിക്കുന്ന ഏക സൂര്യൻ ഭൂതലത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നതുപോലെ സകലജാതി മനുഷ്യരുടെയും രക്ഷയ്ക്കായി മിശിഹാതമ്പുരാൻ ഏകസഭയെ അല്ലാതെ പാശ്ചാത്യം പൌരസ്ത്യം, ദക്ഷിണം, ഉത്തരം എന്നിങ്ങനെ അഷ്ടദിക്കുകൾക്കനുസരണമായി എട്ടുസഭകളെയോ ലത്തീൻ, സുറിയാനി, ഗ്രീക്കു ആദിയായ ഭാഷകൾ സംസാരിക്കുന്നവക്കായി എണ്ണമില്ലാത്തവിധം വിവിധസഭകളെയോ സ്ഥാപിച്ചിട്ടില്ല. "ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ" എന്ന പ്രാത്ഥന ലത്തീനിൽ ചൊല്ലിയാലും സുറിയാനിയിൽ ചൊല്ലിയാലും സാരാംശത്തിൽ ഒന്നുതന്നെ ആയിരിക്കുന്നതുപോലെ പുരാതനകാലം തുടങ്ങി ലത്തീൻ, സുറിയാനി, ഗ്രീക്കു എന്നീ വിവിധഭാഷകളിൽ അനുഷ്ഠിക്കപ്പെട്ടുവരുന്ന വിശുദ്ധ കൂദാശകളും ആരാധനാരീതികളും (റീത്തുകളും) സാരാംശപ്രകാരം ഒന്നും, ഏകസഭയുടെ പൊതുസ്വത്തുമാകുന്നു. ഇങ്ങനെ കത്തോലിക്കാസഭയിൽ ഇപ്പോൾ ലത്തീൻ, സുറിയാനി, ഗ്രീക്കു ആദിയായി ഇരുപതു ആരാധനാരീതികൾ അഥവാ റീത്തുകളുണ്ടു്. ഇൻഡ്യയിൽ ലത്തീൻ, കൽദായ സുറിയാനി, മലങ്കര അന്ത്യോക്യൻ എന്നിങ്ങനെ മൂന്നു റീത്തുകളാണുള്ളതു്.

മുകളിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരം പൌരസ്ത്യനായ വി. പത്രോസ് ഇററലി, റോമ്മാ ആദിയായ പാശ്ചാത്യദേശങ്ങളിൽ ലത്തീൻഭാഷ സംസാരിച്ചവരുടെ ഇടയിലും, വി.

www.malankaralibrary.com

യാക്കോബ് ജറുസലേമിൽ സുറിയാനിഭാഷ സംസാരിച്ചവരുടെ ഇടയിലും, വി. പൌലോസ് ഏതെൻസ്, എഫേസൂസ് ആദിയായ സ്ഥലങ്ങളിൽ ഗ്രീക്കുഭാഷ സംസാരിച്ചിരുന്നവരുടെ ഇടയിലും വി. തോമ്മാ ഇൻഡ്യയിൽ സംസ്കൃതമോ, കേരളത്തിൽ കൊടുംതമിഴോ അഥവാ മറെറതെങ്കിലും ദ്രാവിഡഭാഷയോ സംസാരിച്ചിരുന്നവരുടെ ഇടയിലും പ്രചരിപ്പിച്ചസഭ ക്രിസ്തുസ്ഥാപിച്ചതും, വി. പത്രോസിൻെറ പരമാദ്ധ്യക്ഷതയിലിരുന്നതുമായ ഏക സഭയെത്തന്നെയാണ്.

ആദിമശതാബ്ദങ്ങളിൽ റോമ്മായിൽ ഗ്രീക്കറീത്തും നടപ്പിലിരുന്നു. പിന്നീടാണ ലത്തീൻറീത്തിന് അവിടെ പ്രാബല്യം സിദ്ധിച്ചത്. സുറിയാനിക്കാരും ഗ്രീക്കുകാരുമായ ഇരുപതു പൌരസ്ത്യർ റോമ്മാസിംഹാസനത്തിൽ മാർപ്പാപ്പാമാരായി തെരഞ്ഞെടുക്കപ്പെട്ടു ഭരണം നടത്തിയിട്ടുണ്ട്. ആറും ഏഴും ശതാബ്ദങ്ങളിലായി ആകെ എഴുപത്തഞ്ചു സംവത്സരത്തോളം റോമ്മാസിംഹാസനത്തിൽ വാണിട്ടുള്ള മിക്ക മാർപ്പാപ്പാമാരും ഗ്രീക്കുകാരായിരുന്നു. 325-ൽ നിക്യായിൽ സമ്മേളിച്ച പൊതുസൂനഹദോസിൽ സ്പെയിൻ രാജ്യത്തുള്ള കോർദൊവായിലെ ഓസിയോസ് മെത്രാനും, സിൽവെസ്റ്റർ മാർപ്പാപ്പായുടെ പ്രതിനിധിമാരായി റോമ്മായിൽ നിന്നുവന്ന വിത്തോസ്, വിനസന്തിയോസ് എന്നീ ലത്തീൻ റീത്തുകാരായ രണ്ടു പട്ടക്കാരും സംബന്ധിച്ചിരുന്നു. ഇവരെല്ലാം പാശ്ചാത്യരായിരുന്നു. അലക്സാണ്ഡ്റിയായിലെ അലക്സാണ്ഡർ, അന്ത്യോക്യായിലെ ഒസ്താത്തിയോസ്, ജറുസലേമിലെ മക്കാരിയോസ് എന്നീ പൌരസ്ത്യ പാത്രിയക്കീസുമാരും നിക്യാസൂനഹദോസിൽ സന്നിഹിതരായിരുന്നു. അലക്സാണ്ഡ്റിയായിൽ ഗ്രീക്കു റീത്തും, അന്ത്യോക്യായിലും ജറുസലേമിലും സുറിയാനി റീത്തുമാണ നടപ്പിലിരുന്നത്. 431-ൽ എഫേസൂസിൽ നടന്ന പൊതുസൂനഹദോസിൽ സെലസ്തീനോസ് മാർപ്പാപ്പായുടെ പ്രതിനിധിമാരായി അക്കാദിയൂസ്, പ്രൊജെക്ററസ് എന്ന രണ്ടു മെത്രാന്മാരും, പീലിപ്പോസ് എന്ന പട്ടക്കാരനും സംബന്ധിച്ചിരുന്നു. ഇവരെല്ലാം പാശ്ചാത്യരും ലത്തീൻ റീത്തുകാരുമായിരുന്നു.

www.malankaralibrary.com

451-ൽ നടന്ന കൽക്കദോനിയാ സൂനഹദോസിൽ മാർപ്പാപ്പായുടെ പ്രതിനിധിമാരായി പസ്കാസിനൂസ്, ലൂക്കെൻസിയൂസ് എന്നരണ്ടു മെത്രാന്മാരും, ബൊനിഫാസ് എന്ന പട്ടക്കാരനും സംബന്ധിച്ചിരുന്നു. ഇവരും പാശ്ചാത്യരും ലത്തീൻ റീത്തുകാരുമായിരുന്നു. ഈ സൂനഹദോസിൽ അന്ത്യോക്യായിലെ മാക്സിമോസ്, അലക്സാണ്ഡ്റിയായിലെ ദിയസ്ക്കോറോസ്, കോൺസ്റ്റൻറിനോപ്പിളിലെ അനത്തോളിയൂസ് എന്നി പാത്രിയക്കീസുമാരും, ആഫ്റിക്കായിൽ നിന്നുവന്ന ലത്തീൻ റീത്തുകാരായ രണ്ടു മെത്രാന്മാരും സന്നിഹിതരായിരുന്നു. യാക്കോബായക്കാരും ഓർത്തഡോക്സു കക്ഷിക്കാരും ഇപ്പോഴും ചൊല്ലുന്ന വി. കുർബ്ബാനയിലെ 5-ാം തുബ്ദേനിൽ റോമ്മാ മാർപ്പാപ്പാമാരായിരുന്ന ക്ലീമ്മീസിനെയും, ജൂലിയോസിനെയും, അന്ത്യോക്യായിലെ ഇഗ്നാത്തിയോസ്, അലക്സാണ്ഡ്റിയായിലെ അത്താനാസ്യോസ്, കൂറില്ലോസ്, സിറിയായിലെ അപ്രേം, കേസറിയായിലെ ബസേലിയോസ്, കോൺസ്റ്റൻറിനോപ്പിളിലെ ഈവാനിയോസ് ആദിയായ പരിശുദ്ധ പിതാക്കന്മാരെയും ഓർത്തു അവരുടെ പ്രാർത്ഥന കോട്ടയായിരിക്കണമെന്നു അപേക്ഷിച്ചുവരുന്നു. ഇവയിൽ നിന്നെല്ലാം അതിപുരാതനകാലത്തു പാശ്ചാത്യം പൌരസ്ത്യം എന്നിങ്ങനെയോ, ലത്തീൻ, സുറിയാനി, ഗ്രീക്ക എന്നിങ്ങനെയോ വിഭിന്നങ്ങളായ പല സ്വതന്ത്രസഭകളില്ലായിരുന്നെന്നും, പാശ്ചാത്യരും പൌരസ്ത്യരും ലത്തീൻകാരും സുറിയാനിക്കാരും ഗ്രീക്കുകാരും ഉൾപ്പെട്ടു, ലോകത്തിലുള്ള ക്രിസ്ത്യാനികളെല്ലാം ഒരേ പൊതുസൂനഹദോസിൽ സംബന്ധിക്കത്തക്കവണ്ണം ഏകസഭയുടെ അംഗങ്ങളായി റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിലാണു് ഇരുന്നതെന്നും സ്പഷ്ടമത്രേ.

ഇങ്ങനെ പുരാതനകാലത്തേ സഭ ഏകമായിരുന്നു; അതിലെ പിതാക്കന്മാരെല്ലാം ഏക കുടുംബത്തിലെ അംഗങ്ങളെപ്പോലെ വിശ്വാസത്തിലും ഭരണത്തിലും റോമ്മാ സിംഹാസനത്തോടു യോജിച്ചിരുന്നു. റോമ്മാ, അലക്സാണ്ഡ്റിയാ, അന്ത്യോക്യാ, കോൺസ്റ്റൻറിനോപ്പിൾ ആദിയായ സ്ഥലങ്ങളിൽ വ്യാപിച്ചിരുന്ന ആ ഏകസഭ ഓർത്തഡോക്സുകാരും മാർത്തോമ്മാക്കാരും ഇന്നു വാദിച്ചുവരുന്നതുപോലെ വിഭിന്ന

www.malankaralibrary.com

ങ്ങളായ പല പ്രാദേശിക സ്വതന്ത്രസഭകളല്ലായിരുന്നു. അതു പാശ്ചാത്യരും, പൌരസ്ത്യരും, ലത്തീൻകാരും, ഗ്രീക്കുകാരും സുറിയാനിക്കാരും മററും ഉൾപ്പെട്ട അഖിലലോക വ്യാപകമായ ഒററ സഭയായിരുന്നു. ഇത്രയും പ്രസ്താവിച്ചതിൽനിന്നു മലങ്കരസഭ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ചതാകയാൽ അതിന്നു വിദേശത്തെ യാതൊരു സഭയോടും ബന്ധമുണ്ടായിരിക്കേണ്ട ആവശ്യമില്ലെന്നും, അതു സ്വതന്ത്രമാണെന്നും വാദിച്ചുവരുന്ന ഓർത്തോഡോക്സ് കക്ഷിയുടെയും മാർത്തോമ്മാക്കാരുടെയും വാദങ്ങൾ സഭയിലെ പുരാതന വിശ്വാസാചാരങ്ങൾക്കു എത്രയോ വിരുദ്ധമാണെന്നു മനസ്സിലാക്കാം. മലങ്കരസഭ സർവ്വപ്രകാരേണ സ്വതന്ത്രമാണെങ്കിൽ എന്തിന് ഈ സഭക്കാർ അതിദൂരസ്ഥമായ നിക്യായിൽ നിർമ്മിച്ച വിശ്വാസപ്രമാണത്തെയും, ആ സുന്നഹദോസിലും, മററും സംബന്ധിച്ച വിദേശീയരായ വിശുദ്ധ പിതാക്കന്മാരെയും ഇപ്പോഴും ഓർക്കുന്നു. ഇങ്ങനെ ഓർത്തോഡോക്സ് കക്ഷിയുടെയും മാർത്തോമ്മാക്കാരുടെയും ആരാധനക്രമങ്ങളും പ്രാർത്ഥനകളും ഇപ്പോഴും വിളിച്ചുപറയുന്നു, അവരുടെ ഉപദേശങ്ങൾ അബദ്ധമാണെന്നും അവക്കുതന്നെ എതിരാണെന്നും.

അപ്പോസ്തോലികകാലംകഴിഞ്ഞു നാലാം ശതാബ്ദം തുടങ്ങിയാണ് ആരിയൻ, നെസ്തോറിയൻ, യാക്കോബായ മുതലായ സഭകൾ പാഷണ്ഡതയോ ശീശ്മയോ നിമിത്തം വി. പത്രോസിന്റെ റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിൽനിന്ന്—ഏക സത്യസഭയായ മാതൃസഭയിൽനിന്ന്—വേർപിരിഞ്ഞു വിഭിന്നങ്ങളായ പല സ്വതന്ത്രസഭകളായതു്. പാശ്ചാത്യം, പൌരസ്ത്യം, ലത്തീൻ, സുറിയാനി, ഗ്രീക്ക് എന്നിങ്ങനെയുള്ള ബാലിശമായ കാരണങ്ങൾ പറഞ്ഞു മാതൃസഭയായ കത്തോലിക്കസഭയോടു തങ്ങൾക്കു യോജിച്ചു നിൽക്കേണ്ട ആവശ്യമില്ലെന്നു ഇക്കാലത്തു പറയുന്നവർ പുരാതനകാലത്തുണ്ടായ പാഷണ്ഡതകളെയും ശീശ്മകളെയും അവസാനിപ്പിക്കാതെ നിലനിറുത്തുവാൻ ആഗ്രഹിക്കുന്നവരും, സമാധാനത്തിന്റെതിനേക്കാൾ ഭിന്നതയുടെയും, സത്യത്തിന്റെതിനേക്കാൾ അസത്യത്തിന്റെയും തേർവാഴ്ച അഭിലഷിക്കുന്നവരുമാകുന്നു.

www.malankaralibrary.com

കത്തോലിക്കാസഭയോടു യാക്കോബായ, നെസ്തോറിയൻ, ഗ്രീക്കു മുതലായ സഭകൾ യോജിക്കണമെന്നു പറയുമ്പോൾ വിശ്വാസസത്യങ്ങളിൽ ഒന്നായി തിരുസഭാദ്ധ്യക്ഷനായ മാർപ്പാപ്പായുടെ ഐക്യത്തിൽ അവ വീണ്ടും വരണമെന്നല്ലാതെ പൌരസ്ത്യമായ ആചാരമര്യാദകൾ, ആരാധനാരീതികൾ, നോമ്പു നമസ്കാരങ്ങൾ മുതലായവ ഉപേക്ഷിച്ചു ലത്തീൻ റീത്തിലെപ്പോലെ ഇവയെല്ലാം അനുഷ്ഠിക്കണമെന്നർത്ഥമില്ല. യാക്കോബായ സഭയിലെ നിർദ്ദോഷങ്ങളായ ആചാരമര്യാദകളും ആരാധനാരീതിയും (റീത്തു്) മററും അനുഷ്ഠിച്ചു കേരളത്തിലെ മലങ്കര സുറിയാനി കത്തോലിക്കർ മാർപ്പാപ്പായുടെ ഐക്യത്തിൽ നില്ക്കുന്നതുപോലെ ഇതര അകത്തോലിക്കാസഭക്കാർക്കു് അവരവരുടെ റീത്തു പാലിച്ചുകൊണ്ടു കത്തോലിക്കാസഭയിൽ നില്ക്കാവുന്നതാണു്. ഇങ്ങനെ നില്ക്കുമ്പോൾ പുരാതനകാലത്തേപ്പോലെ — അപ്പോസ്തോലിക കാലത്തേപ്പോലെ — ഇവ ഏകസഭയാകും; വിഭിന്നമായ സ്വതന്ത്രസഭകൾ അപ്പോൾ ഉണ്ടായിരിക്കയില്ല.

## 3. അന്ത്യോക്യായും കിഴക്കും.

### മലങ്കരസഭ അന്ത്യോക്യായ്ക്കു വിധേയമല്ലേ?

ക്രിസ്ത്വബ്ദം 325-ൽ സമ്മേളിച്ച നിക്യാസൂനഹദോസിന്റെ നിശ്ചയപ്രകാരം അന്ത്യോക്യാ പാത്രിയർക്കീസിനു് അന്ത്യോക്യായിലും കിഴക്കൊക്കയും അധികാരം ലഭിച്ചിട്ടുണ്ടെന്നും, മലങ്കരസഭ കിഴക്കാകയാൽ പാശ്ചാത്യ പാത്രിയർക്കീസായ റോമ്മാ മാർപ്പാപ്പായുടെ അധികാരത്തിനു് അതു വിധേയമായിരിക്കേണ്ട ആവശ്യമില്ലെന്നും ചില യാക്കോബായക്കാർ വാദിച്ചുവരുന്നു.

ഒന്നാമതായി പറയുവാനുള്ളതു മുകളിൽ പ്രസ്താവിച്ചപ്രകാരം നിക്യാ സൂനഹദോസിന്റെ കാലത്തു യാക്കോബായ സഭ എന്നൊരു സഭ ലോകത്തിൽ ഇല്ലായിരുന്നെന്നും, 451-ൽ സമ്മേളിച്ച കൽക്കദോനിയാ സൂനഹദോസിൽവച്ചു ശപിക്കപ്പെട്ട ഏക സ്വഭാവവാദികളിൽ ചില വിഭാഗക്കാരെ 6-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ... ണു് ... നാ

www.malankaralibrary.com

സംഘടിപ്പിച്ചപ്പോൾ മാത്രമാണ യാക്കോബായസഭ ഉത്ഭവിച്ചതെന്നുമത്രെ. വി. പത്രോസ് സ്ഥാപിച്ച അന്ത്യോക്യാ സിംഹാസനത്തിൽ റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിലിരുന്ന എവുഫ്റോസിയൂസ് എന്ന നിയമാനുസരണ പാത്രിയക്കീസു വാണുകൊണ്ടിരിക്കെ "അന്ത്യോക്യാ പാത്രിയക്കീസു" എന്ന പേരിൽ ഭേള്ളാ സ്വദേശിയായ സേർജിയൂസു് എന്നൊരാളെ യാക്കോബ് ബുർദാനാ അന്ത്യോക്യായിൽനിന്നു വളരെ ദൂരെ സ്ഥിതിചെയ്യുന്ന മർദ്ദീനിൽ വാഴിച്ചു. ഇങ്ങനെ വിദേശത്തു് ആറാം നൂററാണ്ടിലാണ് ആദ്യമായി യാക്കോബായ പാത്രിയക്കീസുണ്ടാകുന്നതു്. അന്ത്യോക്യാ സിംഹാസനത്തിൽ യഥാർത്ഥ പാത്രിയക്കീസു് ഉണ്ടായിരിക്കെ അദ്ദേഹത്തോടു മത്സരിച്ചു യാക്കോബ് ബുർദാനാ മർദ്ദീനിൽ വാഴിച്ച ഈ പാത്രിയക്കീസ് അനധികൃത പാത്രിയക്കീസാണെന്നു് ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. കാരണം, ഒരു പാത്രിയക്കീസു് വാഴുമ്പോൾ അദ്ദേഹത്തിനു എതിരായി അതേ സിംഹാസനത്തിൽ വാഴിക്കപ്പെട്ടുന്ന പാത്രിയക്കീസ് നിയമാനുസരണ പാത്രിയക്കീസായിരിക്കയില്ലെന്നു് എല്ലാ സഭക്കാരും സമ്മതിക്കും. ഇങ്ങനെ അനധികൃതമായി വാഴിക്കപ്പെട്ട ഈ സേർജിയൂസിന്റെ പിൻഗാമികളത്രെ യാക്കോബായ പാത്രിയക്കീസുമാർ. ഇതിൽനിന്നും വി. പത്രോസു് സ്ഥാപിച്ച അന്ത്യോക്യാ സിംഹാസനത്തോടു മർദ്ദീനിലെ യാക്കോബായ പാത്രിയക്കീസുമാർക്കു യാതൊരു ബന്ധവുമില്ലെന്നു സ്വയം സ്പഷ്ടമത്രെ. നാലാം നൂററാണ്ടിൽ സമ്മേളിച്ച നിക്യാസൂനഹദോസു് ആറാം നൂററാണ്ടിൽ മർദ്ദീനിൽ ഉണ്ടായ അനധികൃതനായ യാക്കോബായ പാത്രിയക്കീസിനല്ല കിഴക്കൊക്കെയും ഭരണാധികാരം നല്കിയതെന്നും, റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിൽ അക്കാലത്തു നിലനിന്നിരുന്ന ശരിയായ അന്ത്യോക്യാ പാത്രിയക്കീസിനും അദ്ദേഹത്തിന്റെ യഥാർത്ഥ പിൻഗാമികൾക്കുമാണ് ആ അധികാരം നല്കിയതെന്നും അനുസ്മരിക്കുമ്പോൾ കിഴക്കുള്ള മലങ്കരസഭ മർദ്ദീനിലെ (ഇപ്പോൾ ഹോംസിലെ) അനധികൃതനായ യാക്കോബായ പാത്രിയക്കീസിന്റെ ഭരണാധികാരത്തിലിരിക്കണമെന്നുള്ള യാക്കോബായ വാദത്തിനു വല്ല കഴമ്പുമുണ്ടോ?

www.malankaralibrary.com

451-ൽ നടന്ന കൽക്കദോനിയാ സുനഹദോസിൽ സംബന്ധിച്ചു യോഗനിശ്ചയങ്ങളിൽ ഒപ്പുവച്ച 630 മെല്പട്ടക്കാരിൽ ഒരാൾ അന്ത്യോക്യായിലേ മാക്സിമോസ് പാത്രിയക്കീസായിരുന്നു. കോൺസ്റ്റൻറിനോപ്പിൾ പാത്രിയക്കീസായിരുന്ന ഫ്ളാവിയൻെറ അദ്ധ്യക്ഷതയിൽ 448-ൽ സമ്മേളിച്ച ഒരു പ്രാദേശിക സുനഹദോസിൽവച്ച എവുത്തിക്കോസിൻെറ പാഷണ്ഡോപദേശം ശപിക്കപ്പെട്ടുകയും, ആ യോഗത്തിലേ നിശ്ചയങ്ങൾ അംഗീകരിക്കപ്പെടുന്നതിനു ലെഓൻ മാർപ്പാപ്പായ്ക്കു അയച്ചുകൊടുക്കപ്പെടുകയുംചെയ്തു. ഇക്കാര്യങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു മാക്സിമോസ് പാത്രിയക്കീസ് കൽക്കദോനിയാ സുനഹദോസിൽ ഇപ്രകാരം പ്രസ്താവിച്ചു:- "ഭാഗ്യസ്മരണയ്ക്കു അർഹനായ ഫ്ളാവിയൻ മെത്രാപ്പോലീത്താ (പാത്രിയക്കീസ്) സത്യവിശ്വാസത്തെ എത്രയും ശരിയായും, അനുഗ്രഹീതനും പരിശുദ്ധനുമായ ലെഓൻ മെത്രാപ്പോലീത്തായുടെ (മാർപ്പാപ്പായുടെ) അഭിപ്രായത്തിനു അനുയോജ്യമായും വ്യക്തമാക്കുകയുണ്ടായി. ആ വിശ്വാസത്തെ ഞങ്ങളെല്ലാം കുതൂഹലത്തോടെ സ്വീകരിക്കുന്നു" (Mansi, VI, 678; Hefele, Eng. Trans. III, p.309) എവുത്തിക്കോസിൻെറ അബദ്ധോപദേശത്തെ വിമർശിച്ചും, ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നുള്ള സത്യവിശ്വാസത്തെ ഭംഗിയായി വിശദീകരിച്ചും ലെഓൻ മാർപ്പാപ്പാ ഫ്ളാവിയൻ പാത്രിയക്കീസിനു എഴുതിയ ലേഖനം കൽക്കദോനിയാ സുനഹദോസിൽ വായിക്കപ്പെട്ടപ്പോൾ അന്ത്യോക്യായിലെ മാക്സിമോസ് പാത്രിയക്കീസ് ഉൾപ്പെട്ട 630 പിതാക്കന്മാർ ഹർഷാരവത്തോടെ ഇപ്രകാരം പ്രസ്താവിച്ചു:- "ഇതാണു അപ്പൊസ്തോലന്മാരുടെ വിശ്വാസം. ഇതാണു പിതാക്കന്മാരുടെ വിശ്വാസം. ഇപ്രകാരം ഞങ്ങളെല്ലാം വിശ്വസിക്കുന്നു ..... പത്രോസ് ലെഓൻെറ അധരങ്ങൾവഴി സംസാരിച്ചിരിക്കുന്നു ....ലെഓനും ക്റില്ലോസും ഒരേ സംഗതിയാണു പഠിപ്പിക്കുന്നതു".... ഈ ലേഖനം എഫേസൂസിൽ ("തസ്ക്കരസംഘ"ത്തിൽ) വായിക്കപ്പെടാഞ്ഞതു എന്തുകൊണ്ടു? ദീയസ്ക്കോറോസ് മറച്ചുവച്ചിരുന്നതു എന്താണെന്നു കാണുക!"

www.malankaralibrary.com

(Mansi, VI, 972)· "അതിവിശുദ്ധനായ ലെഓൻെറ ലേഖനം സ്വീകരിക്കാത്തവൻ പാഷണ്ഡിയാണു" (Sess. IV).

യാക്കോബായക്കാർ അന്ത്യോക്യാ പാത്രിയർക്കീസിനെയാണല്ലോ തങ്ങളുടെ സഭാദ്ധ്യക്ഷനായി സ്വീകരിക്കുന്നതു്. 6-ാം നൂററാണ്ടിൽ യാക്കോബ് ബുർദാനാ മർദ്ദീനിൽ "അന്ത്യോക്യാ സിംഹാസനം" എന്ന പേരിൽ അനധികൃതമായി യാക്കോബായ സിംഹാസനം സ്ഥാപിക്കുന്നതിനുമുമ്പു വി. പത്രോസിനാൽ സ്ഥാപിതമായ യഥാൎത്ഥ അന്ത്യോക്യാസിംഹാസനത്തിൽ വാണിരുന്ന മാക്സിമോസ് പാത്രിയർക്കീസ് മേൽ പ്രസ്താവിച്ചപ്രകാരം കൽക്കദോനിയാ സൂനഹദോസിൽ സംബന്ധിച്ചു ലെഓൻ മാർപ്പാപ്പാ പ്രഖ്യാപനം ചെയ്ത ഇരുസ്വഭാവ വിശ്വാസത്തെ സത്യവിശ്വാസമായി ഏററുപറയുകയും, എവുത്തിക്കോസിനെ അനുകൂലിച്ച ദീയസ്ക്കോറോസിനെ മഹാ പാഷണ്ഡിയായി ശപിക്കയും ചെയ്തു. എന്നാൽ യാക്കോബായക്കാരാവട്ടെ കൽക്കദോനിയാ സൂനഹദോസിനെയും, ലെഓൻ മാർപ്പാപ്പായെയും നിഷേധിക്കയും, ഇരുസ്വഭാവവിശ്വാസം തെററാണെന്നു പറയുകയും, ദീയസ്ക്കോറോസ് സത്യവിശ്വാസം പരിപാലിച്ചു എല്പിച്ചുതന്ന പിതാവാണെന്നു വി. കുർബാനയിലും മററും ഏററുപറയുകയും ചെയ്യുന്നു. യാക്കോബായക്കാരുടെ ഈ വിശ്വാസവും നിലയും യഥാൎത്ഥ അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന മാക്സിമോസിൻേറതിൽനിന്നും എത്രമാത്രം വിഭിന്നവും വിരുദ്ധവുമാണെന്നു കണ്ടാലും! യാക്കോബായ സഭയ്ക്കു വി. പത്രോസ് സ്ഥാപിച്ച യഥാൎത്ഥ അന്ത്യോക്യാ സിംഹാസനത്തോടു യാതൊരു ബന്ധവുമില്ലെന്നും, യാക്കോബായസഭ കൽക്കദോനിയാ സൂനഹദോസിൽവച്ചു ശപിക്കപ്പെട്ട ദീയസ്ക്കോറോസ് ആദിയായ ഏകസ്വഭാവവാദികളിൽനിന്നു ഉത്ഭവിച്ചതാണെന്നും, യാക്കോബായക്കാരുടെ "മർദ്ദീൻസിംഹാസനം" 6-ാം നൂററാണ്ടിൽ അനധികൃതമായി സ്ഥാപിക്കപ്പെട്ടതാണെന്നും ഉള്ളതിനു് ഇതു എത്രയും ശക്തിമത്തായ ഒരു തെളിവത്രേ.

നിക്യാ സൂനഹദോസിനെ [illegible] യാക്കോബായക്കാർ സ്വീകരിക്കുന്നതും, യാക്കോബായക്കാരുടെ പ്രമാണഗ്രന്ഥമായ

www.malankaralibrary.com

"ഹുദായകാനോൻ" എന്ന സുപ്രസിദ്ധ ഗ്രന്ഥം 7-ാം അദ്ധ്യായം 1-ാം വിഭാഗത്തിൽ ഉദ്ധരിച്ചിരിക്കുന്നതുമായ കാനോനിൽ (നിയമത്തിൽ) റോമ്മാ, അലക്സാണ്ഡ്റിയാ, കുസ്തന്തിനോപ്പോലീസു്, അന്ത്യോക്യാ എന്നീ നാലു സിംഹാസനങ്ങളിലെ പാത്രിയർക്കീസുമാരിൽ "റീശ്ശ" അഥവാ തലവനായ പാത്രിയർക്കീസു് റോമ്മായിലെ പാത്രിയർക്കീസാണെന്നു സ്പഷ്ടമായി പറയുന്നു (ഹുദായകാനോൻ, കോനാട്ടു അബ്രഹാം കത്തനാരുടെ പരിഭാഷ, പാമ്പാക്കുട, 1952, പുറം 82). നിക്യാസുന്നഹദോസിന്റേതായി യാക്കോബായ, നെസ്തോറിയൻ, ഗ്രീക്കു ആദിയായ പൌരസ്ത്യ സഭക്കാരെല്ലാം സ്വീകരിക്കുന്നതും, "അറബികാനോനാകൾ" എന്ന പേരിൽ സുപ്രസിദ്ധവുമായ 84 കാനോനാകളിൽ 8-ാം കാനോനാ പറയുന്നു:-"ഒരു പാത്രിയർക്കീസിനു തന്റെ അധികാരത്തിനു കീഴുള്ളവരുടെമേൽ ന്യായപ്രകാരം ഇഷ്ടമുള്ളവയെല്ലാം പ്രവർത്തിക്കുവാൻ അധികാരമുള്ളതുപോലെ എല്ലാ പാത്രിയർക്കീസുമാരുടെമേലും റോമ്മായിലെ പാത്രിയർക്കീസിനു് അധികാരമുണ്ടു്. ഭാഗ്യവാനായ പത്രോസിനു പൊതുവിൽ എന്നതുപോലെതന്നെ". ഒരു പാത്രിയർക്കീസിനു തന്റെ കീഴിലുള്ള മെത്രാന്മാരെ വേണ്ടിവന്നാൽ ശിക്ഷിക്കുന്നതിനും സ്ഥാനഭ്രംശം ചെയ്യുന്നതിനും അധികാരമുണ്ടെന്നു യാക്കോബായക്കാർ സമ്മതിക്കും. വി. പത്രോസിനു സഭ മുഴുവനിലും പരമാധികാരം സിദ്ധിച്ചിരുന്നതുപോലെ അദ്ദേഹത്തിന്റെ യഥാർത്ഥ പിൻഗാമിയെന്ന നിലയിൽ റോമ്മാപാത്രിയർക്കീസിനും അലക്സാണ്ഡ്റിയാ, കുസ്തന്തിനോപ്പോലീസ്, അന്ത്യോക്യാ എന്നീ സിംഹാസനങ്ങളിലെ പാത്രിയർക്കീസുമാരുടെ മേൽ ഭരണാധികാരമുണ്ടെന്നും, ആവശ്യം നേരിട്ടാൽ അവരെ ശിക്ഷിക്കുന്നതിനും സ്ഥാനഭ്രംശം ചെയ്യുന്നതിനുമുള്ള അധികാരം ലഭിച്ചിട്ടുണ്ടെന്നുമത്രേ ഈ കാനോനാ സ്പഷ്ടമായി ചൂണ്ടിക്കാണിക്കുന്നതു്. ഇങ്ങനെ റോമ്മാ പാത്രിയർക്കീസിനു മററു പാത്രിയർക്കീസുമാരുടെമേൽ തലവൻ എന്ന നിലയിൽ അധികാരം ലഭിച്ചിട്ടുള്ളതായി ഈ കാനോനാ എത്രയും വ്യക്തമായി പറയുമ്പോൾ എല്ലാ പാത്രിയർക്കീസുമാരും അധികാരത്തിൽ സമന്മാരാണെന്നുള്ള പാത്രിയർക്കീസു കക്ഷിയുടെയും ഓ

www.malankaralibrary.com

ത്തോഡോക്സു കക്ഷിയുടെയും ഇക്കാലത്തെ വാദം എത്രയോ വിചിത്രം, എത്രയോ സത്യവിരുദ്ധം! യാക്കോബായകാനോനാകൾ സമ്മതിക്കുന്ന ഈ പരമാധികാരം പ്രയോഗിച്ചു 325-ൽ ആരിയോസ് എന്ന പട്ടക്കാരനെയും, 381-ൽ മക്കദോനിയോസ് എന്ന മെത്രാനെയും, 431-ൽ കോൺസ്റ്റൻറിനോപ്പിളിലെ പാത്രിയക്കീസായിരുന്ന നെസ്തോറിയസ്സിനെയും, 451-ൽ അലക്സാണ്ഡ്റിയാ പാത്രിയക്കീസായിരുന്ന ദീയസ്കോറോസിനെയും മാർപ്പാപ്പാമാർ മുടക്കി സഭയിൽനിന്നു ബഹിഷ്കരിച്ചു. ആകയാൽ യഥാർത്ഥ അന്ത്യോക്യാ പാത്രിയക്കീസിനു കിഴക്കു ഭരണാധികാരം ലഭിച്ചിട്ടുണ്ടെങ്കിൽ മററു പാത്രിയക്കീസുമാരെപ്പോലെ അന്ത്യോക്യാ പാത്രിയക്കീസും സഭാതലവനായ റോമ്മാ പാത്രിയക്കീസിൻെറ അധികാരത്തിനു എപ്പോഴും വിധേയനായി ഭരണം നടത്തണമെന്നല്ലാതെ റോമ്മാ പാത്രിയക്കീസിൻെറ ഐക്യത്തിൽ നിന്നും അധികാരത്തിൽനിന്നും നിയന്ത്രണത്തിൽനിന്നും വേർപെട്ട് അന്ത്യോക്യാപാത്രിയക്കീസിനു സഭയിൽ സ്വതന്ത്രഭരണം നടത്താമെന്നു നിക്യാസൂനഹദോസിലെ പിതാക്കന്മാക്കു അശേഷം വിശ്വാസമുണ്ടായിരുന്നില്ല. ഒരു മെത്രാൻ ഒരു ഇടവക ഭരിക്കുന്നതിനു ഒരു പട്ടക്കാരനു് അധികാരം കൊടുത്താൽ ആ ഇടവകയുടെമേൽ മെത്രാനുള്ള അധികാരം അതോടുകൂടി ഒരിക്കലും നഷ്ടപ്പെടുകയില്ലല്ലോ. ഇതുപോലെ കിഴക്കു ഭരണം നടത്തുവാൻ അന്ത്യോക്യാപാത്രിയക്കീസിനു അധികാരം നല്കിയപ്പോൾ എല്ലാ പാത്രിയക്കീസുമാരുടെയും “റീശ്ര” അഥവാ തലവൻ എന്ന നിലയിൽ റോമ്മാ പാത്രിയക്കീസിനു കിഴക്കുള്ള അധികാരം അശേഷം നഷ്ടപ്പെട്ടില്ല. 37-ാം അറബികാനോനാ പറയുന്നതുകൂടി കേട്ടാലും:-“നാലു സുവിശേഷകന്മാർ ഉള്ളതുപോലെ ലോകത്തിലാകെ നാലു പാത്രിയക്കീസുമാർ മാത്രം ഉണ്ടായിരിക്കട്ടെ. അപ്പോസ്തോലന്മാർ കല്പിച്ചിട്ടുള്ളതുപോലെ റോമ്മായിൽ വി. പത്രോസിൻെറ സിംഹാസനത്തിൻെറ നാഥൻ ഇവരുടെമേൽ അധിപതിയും തലവനുമായിരിക്കട്ടെ”. റോമ്മാസിംഹാസനത്തിലെ പാത്രിയക്കീസ് മറെറല്ലാ പാത്രിയക്കീസുമാരുടെയും അധിപതിയും തലവനുമായിരിക്കണമെന്നു് അപ്പോസ്തോലന്മാർ കല്പിച്ചിട്ടു

www.malankaralibrary.com

ള്ളതായി ഈ കാനോനാ പറയുന്നതിനാൽ റോമ്മാസിംഹാസനത്തിന്റെ പരമാധികാരം ഇക്കാലത്തു്—അല്ലെങ്കിൽ ചില യാക്കോബായക്കാരും മററും പറയുന്നതുപോലെ നിക്യാസൂനഹദോസിന്റെ കാലത്തുതന്നെയോ—ഉണ്ടായതല്ല, പ്രത്യുത പൂർവ്വികകാലം തുടങ്ങി—അപ്പോസ്തോലികകാലം തുടങ്ങി—സഭയിൽ ഉണ്ടായിരുന്നതാണെന്നും, 325-ൽ സമ്മേളിച്ച നിക്യാസൂനഹദോസ് അതിനെ എടുത്തുപറയുന്നതല്ലാതെ പിതാക്കന്മാരോ നിക്യാസൂനഹദോസോ അതിനെ പുതുതായി നിർമ്മിച്ചതല്ലെന്നും തെളിയുന്നു. ഇങ്ങനെ യാക്കോബായക്കാർ സ്വീകരിക്കുന്ന നിക്യാസൂനഹദോസും അറബികാനോനാകളും റോമ്മാപാത്രിയക്കീസിന്റെ ഐക്യത്തിൽ എല്ലാ പാത്രിയക്കീസുമാരും ഉൾപ്പെട്ട സഭാംഗങ്ങളെല്ലാം നില്ക്കണമെന്നും, അതു് അപ്പോസ്തോലിക കാലംതുടങ്ങിയുള്ള ദൈവികവ്യവസ്ഥയാണെന്നും ഉച്ചൈസ്തരം ഉദ്ഘോഷിക്കുമ്പോൾ റോമ്മാ പാത്രിയക്കീസിന്റെ പരമാധികാരത്തെ നിഷേധിച്ചുകൊണ്ടു മലങ്കരയിലുള്ള ക്രിസ്ത്യാനികൾ യാക്കോബായ പാത്രിയക്കീസിന്റെ ഐക്യത്തിൽ നിന്നാൽ മതിയെന്നുള്ള പാത്രിയക്കീസു കക്ഷിക്കാരുടെയും, കേരളത്തിൽ മാത്രം ഭരണാധികാരം അവകാശപ്പെടുന്ന കാതോലിക്കാബാവായുടെ ഐക്യത്തിൽ നിന്നാൽ മതിയെന്നുള്ള ഓർത്തോഡോക്സുകക്ഷിക്കാരുടെയും, തിരുവല്ലായിലെ വലിയമെത്രാപ്പോലീത്തായുടെ ഐക്യത്തിൽ നിന്നാൽ മതിയെന്നുള്ള മാർത്തോമ്മാസഭക്കാരുടെയും വാദങ്ങൾക്കു ചരിത്രപരമായും, കാനോനികമായും ക്രിസ്തു തന്റെ സഭയിൽ ഏർപ്പെടുത്തിയ ഭരണഘടനയനുസരിച്ചും എന്തു വിലയാണുള്ളതു്? ആകയാൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നവരെ തിരികെ അകത്തോലിക്കാസഭകളിലേക്കു കൊണ്ടുപോകുവാനും, കത്തോലിക്കാസഭയിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവരെ വിഘ്നപ്പെടുത്തുവാനും പരിശ്രമിക്കുന്നവർ വളരെക്കാലം വഴിചുററി സഞ്ചരിച്ചെങ്കിലും ദൈവാനുഗ്രഹത്താൽ ശരിയായ വഴിയിൽ പ്രവേശിച്ചവരെ വിഭ്രമിപ്പിച്ചു വീണ്ടും വട്ടം ചുററിക്കയും, വഴിയറിയാതെ തപ്പിത്തടഞ്ഞു കഷ്ടപ്പെടുന്നവർക്കു നേർവഴി പറഞ്ഞുകൊടുക്കാതിരിക്കയും ചെയ്യുന്ന ദുഷ്ടന്മാരെയും ദുർബുദ്ധികളെയും അനുകരിക്കയാണു ചെയ്യുന്നതു്.

www.malankaralibrary.com

## 4. യാക്കോബായ സഭയിലെ കൂദാശകൾ ശരിയല്ലേ?

യാക്കോബായസഭയിലെ കൂദാശകളെല്ലാം ശരിയാണെന്നു കത്തോലിക്കസഭ സമ്മതിക്കുന്നു; മാർ ഈവാനിയോസും പട്ടക്കാരും മററും യാക്കോബായ സഭയിൽ നിന്നും കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ അവർക്കു വീണ്ടും പട്ടംകൊടുക്കുകയോ, ആളുകളെ സ്ഥാനപ്പെടുത്തുകയോ ചെയ്തിട്ടില്ല; ആകയാൽ യാക്കോബായസഭയെ ഉപേക്ഷിച്ചു കത്തോലിക്കാസഭയിൽ ചേരേണ്ട ആവശ്യമെന്തെന്നു പല യാക്കോബായക്കാരും ചോദിക്കാറുണ്ട്.

ഒരു ക്രൈസ്തവസഭയിലെ കൂദാശകൾ സാധു (valid) അഥവാ ശരിയായതുകൊണ്ട് ആ സഭ ശരിയാണെന്നോ, നിത്യരക്ഷയ്ക്കു പര്യാപ്തമാണെന്നോ ഉള്ള വിശ്വാസം യാക്കോബായസഭ സ്വീകരിക്കുന്ന ഒന്നല്ല. യാക്കോബായക്കാരുടെ പ്രമാണഗ്രന്ഥമായ ഹൂദായ കാനോൻ പറയുന്നതു കേട്ടാലും:— "ത്രിത്വത്തിൻെറ നാമത്തിൽ വേദവിപരീതികളിൽ നിന്നു മാമൂദീസാ പ്രാപിച്ചിട്ടുള്ളവർ വീണ്ടും മുങ്ങേണ്ട ആവശ്യമില്ല എന്നു അലക്സന്ത്രീയായിലെ ദിവന്നാസ്യോസ് സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. തേവോദോറോസ്, നെസ്തോറിയോസ്, ഇവരുടെ വേദവിപരീതത്തിൽനിന്നു തിരിഞ്ഞുവന്നവർക്കു മാമൂദീസാ നൽകുകയോ, തൈലാഭിഷേകം നടത്തുകയോ ആവശ്യമില്ല. അവർ വിട്ടുപിരിഞ്ഞ വേദവിപരീതത്തെ ഉപേക്ഷിച്ചു എററുപറഞ്ഞാൽ മാത്രം മതി എന്നു നിഖ്യാ സുന്നഹദോസ് നിശ്ചയിച്ചിട്ടുണ്ട്. എപ്പേസോസിൽ വച്ചു പിതാക്കന്മാർ ഇങ്ങിനെ സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്................ഇങ്ങിനെ സ്വഭാവവേദവിപരീതത്തിൽ നിന്നു പിരിഞ്ഞുവരുന്ന എപ്പിസ്കോപ്പന്മാർക്കും (മെത്രാന്മാർക്കും) കശ്ശീശന്മാർക്കും (പട്ടക്കാർക്കും) ശെമ്മാശ്ശന്മാർക്കും വീണ്ടും പട്ടമോ മാമൂദീസായോ വേണ്ട, തങ്ങൾ വിട്ടുപിരിഞ്ഞ വേദവിപരീതത്തെ ഉപേക്ഷിച്ച് അനുതാപകാലം തികയ്ക്കുകയും ചെയ്യുമ്പോൾ സ്വസ്ഥാനങ്ങളിൽതന്നെ നിയമിക്കപ്പെടുകയും, അതേ പദവിയിൽ ജോലിനടത്തുകയും ചെയ്യാം എന്നു

www.malankaralibrary.com

സഭാസമാധാനത്തെപ്രതി പരിശുദ്ധനായ സേവീറെ കല്പിച്ചിട്ടുണ്ടു്.'' (ഹൂദായകാനോൻ, കോനാട്ടു് അബ്രഹാംകത്തനാരുടെ മലയാളപരിഭാഷ, പാമ്പാക്കുട, 1952, പുറം 20, 93). യാക്കോബായക്കാർ വേദവിപരീതികളായി പരിഗണിക്കുന്ന് നെസ്തോറിയർ, ഇരുസ്വഭാവവാദികൾ (കത്തോലിക്കർ) എന്നിവരുടെ മാമ്മോദീസാ, പട്ടം ആദിയായ കൂദാശകളെല്ലാം ശരിയാണെന്നു ഈ കാനോനാകൾ പറയുന്നുണ്ടല്ലോ. എന്നാൽ വേദവിപരീതങ്ങൾ പഠിപ്പിക്കുന്ന സഭ ശരിയാണെന്നോ, നിത്യരക്ഷയ്ക്കു പര്യാപ്തമാണെന്നോ യാക്കോബായസഭ വിശ്വസിക്കുന്നില്ല. തിങ്കളാഴ്ച രാത്രി പ്രാർത്ഥനയിലെ ഒന്നാംകൌമായിൽ യാക്കോബായവൈദികർ ഇപ്രകാരം ചൊല്ലുന്നു:—"ദൈവത്തെയാണു മറിയാം പ്രസവിച്ചതു്. ഇതു സംബന്ധിച്ചു എന്റെ ബോധത്തിൽ സംശയമുണ്ടെങ്കിൽ നെസ്തോറിയസിനോടുകൂടി ഞാനും നരകത്തിൽ തള്ളപ്പെട്ടുകൊള്ളട്ടെ''. നെസ്തോറിയൻസഭയിലെ കൂദാശകളെല്ലാം ശരിയാണെന്നു പഠിപ്പിക്കുന്ന യാക്കോബായസഭ നെസ്തോറിയസു് നരകത്തിൽ തള്ളപ്പെട്ടു എന്നു വിശ്വസിക്കുന്നതു്, കന്യകമറിയാമിനെ ദൈവമാതാവെന്നു വിളിക്കാൻ പാടില്ലെന്നും, ക്രിസ്തുവിൽ ദൈവികം മാനുഷികം എന്നിങ്ങനെ രണ്ടു വ്യക്തിത്വങ്ങളുണ്ടെന്നുമുള്ള വേദവിപരീതങ്ങൾ പഠിപ്പിച്ചതുമൂലം 431-ൽ സമ്മേളിച്ച എഫേസൂസു് സൂനഹദോസു് നെസ്തോറിയസിനെ ശപിച്ചു സഭയിൽനിന്നു ബഹിഷ്കരിച്ചതു കൊണ്ടാണു്. വി. സെലസ്റ്റീനോസു് മാർപ്പാപ്പായുടെ പ്രതിനിധിയെന്ന നിലയിൽ എഫേസൂസു് സൂനഹദോസിൽ ആദ്ധ്യക്ഷം വഹിച്ച അലക്സാണ്ഡ്റിയായിലെ വി. ക്രൂറില്ലോസാണു നെസ്തോറിയസിന്റെ മേൽ മാർപ്പാപ്പായുടെ ശാപവിധി പ്രഖ്യാപനം ചെയ്തതു്. ക്രിസ്തുവിൽ ദൈവസ്വഭാവമെന്ന ഏകസ്വഭാവമേയുള്ളു എന്ന വേദവിപരീതം പഠിപ്പിച്ച എവുത്തിക്കോസു്, അലക്സാന്ത്രിയാ പാത്രിയർക്കീസായ ദീയസ്കോറോസു് എന്നിവരുടെ മേൽ 451-ൽ കൽക്കദോനിയായിൽ സമ്മേളിച്ച പൊതുസൂനഹദോസിൽ ലെഓൻ മാർപ്പാപ്പായുടെ പ്രതിനിധിയായി ആദ്ധ്യക്ഷം വഹിച്ച ലിലിബേയമിലെ മെത്രാനായ പസ്കാസിനൂസു് ലെഓൻ മാർപ്പാപ്പായുടെ ശാപ

www.malankaralibrary.com

വിധി പ്രഖ്യാപനം ചെയ്യും. സെലസ്റ്റീനോസ് മാർപ്പാപ്പാ തന്റെ പ്രതിനിധിവഴിയായി ശപിച്ച നെസ്തോറിയസ് ഏകസത്യസഭയിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടവനും, നരകശിക്ഷയ്ക്കു അർഹനുമാണെന്നു വിശ്വസിക്കുന്ന യാക്കോബായക്കാർ ലെഓൻ മാർപ്പാപ്പാ തന്റെ പ്രതിനിധിവഴി ശപിച്ച ഏക സ്വഭാവവാദികളും ഏകസത്യസഭയിൽ നിന്നു ബഹിഷ്കൃതരും നരകശിക്ഷയ്ക്കു അർഹരുമാണെന്നു വിശ്വസിക്കേണ്ടതല്ലേ? 431–ൽ എഫേസൂസ് സൂനഹദോസിൽ പ്രയോഗിക്കപ്പെട്ട റോമ്മാസിംഹാസനത്തിന്റെ അതേ അധികാരമാണ് 20 കൊല്ലത്തിനുശേഷം കൽക്കദോനിയാ സൂനഹദോസിലും പ്രയോഗിക്കപ്പെട്ടതു്. എഫേസൂസ് സൂനഹദോസ് ശരിയാണെന്നു സമ്മതിക്കുന്ന യാക്കോബായക്കാർ കൽക്കദോനിയാ സൂനഹദോസ് തെററിപ്പോയെന്നു പറയുന്നതിൽ എന്തു ന്യായമാണുള്ളതു്? ഏകസ്വഭാവവാദികളിൽ ചില വിഭാഗങ്ങളെ യാക്കോബ് ബുർദാനാ കൂട്ടിച്ചേർത്തു രൂപവൽക്കരിച്ചതാണല്ലോ യാക്കോബായസഭ. ആകയാൽ യാക്കോബായസഭയും നെസ്തോറിയൻസഭയെപ്പോലെ ഏകസത്യസഭയിൽനിന്നു നിയമാനുസരണം ബഹിഷ്കരിക്കപ്പെട്ടതും ശപിക്കപ്പെട്ടതുമായ ഒരു സഭയത്രേ. തന്നിമിത്തം നെസ്തോറിയൻ സഭയിലെപ്പോലെ യാക്കോബായസഭയിലെ കൂദാശകളെല്ലാം ശരിയാണെങ്കിലും നെസ്തോറിയൻ സഭപോലെ യാക്കോബായസഭയും ശരിയായ സഭ—ക്രിസ്തു സ്ഥാപിച്ചതും നിത്യരക്ഷയ്ക്കു പര്യാപ്തവുമായ ഏക സത്യസഭ—അല്ലതന്നെ.

നിയമാനുസരണമായ മുടക്കിന്റെ ദുഷ്ഫലങ്ങൾ യാക്കോബായക്കാരും സമ്മതിക്കുന്നുണ്ടു്. അന്ത്യോകാ യാക്കോബായ പാത്രിയർക്കീസിന്റെ മുടക്കു ലഭിച്ചിട്ടുള്ള ഓർത്തഡോക്സു കക്ഷിയിലെ മേല്പട്ടക്കാരുടെ—കാതോലിക്കാബാവാ തിരുമേനിയുടെപോലും—പട്ടം മാഞ്ഞു് അവർ വെറും അൽമായക്കാരായിത്തീർന്നു എന്നാണല്ലോ പാത്രിയർക്കീസു കക്ഷി വാദിച്ചു വരുന്നതു്! ഓർത്തഡോക്സു കക്ഷിയുടെ നേതാവും മഹാപണ്ഡിതനുമായ വട്ടശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി "മതോപദേശസാരങ്ങൾ" എന്ന ഗ്രന്ഥ

www.malankaralibrary.com

ത്തിൽ മുടക്കിനെപ്പററി പറയുന്നതുകൂടി കേൾക്കുക:—"ദോഷികളായി കണ്ടെത്തപ്പെടുന്ന പട്ടത്വത്തിനടുത്തവരെ മുടക്കേണ്ടതും മുടക്കിൻെറ ശേഷം അവർ യാതൊരു കൂദാശകളും കഴിച്ചുകൂടാത്തതും, ശങ്കതീൎന്നു കഴിക്കുന്നവരോടുകൂടി വിശ്വാസികൾ സംബന്ധിച്ചുകൂടാത്തതുമാകുന്നു.......സത്യവിശ്വാസത്തിന്നു എതിരാളികളായി കാണപ്പെടുകയോ, സഭയിൽ വിരുദ്ധം ഉണ്ടാക്കുകയോ, സഭയുടെ നിശ്ചയങ്ങളെയും തങ്ങളുടെ മേലധികാരികളുടെ കല്പനകളെയും അനുസരിക്കാതിരിക്കുകയോ, പൈശാചികമായി നടക്കുകയോ ചെയ്യുന്നവരെ സഭയിൽനിന്നു തിരിച്ചു ഭ്രഷ്ടാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണക്കാൎക്കും അധികാരമുണ്ടു്. സഭയിൽനിന്നു ഭ്രഷ്ടാക്കുന്നവരെ സത്യമുള്ള അനുതാപത്താൽ തിരികെ കൈക്കൊള്ളുന്നതുവരെ വിശ്വാസത്തിനു് അന്യരെന്നപോലെ വിചാരിപ്പാനുള്ളതും ആകുന്നു" (10, 34 എന്നീ സംഗതികൾ).

മുടക്കപ്പെടുന്ന മേല്പട്ടക്കാരുടെയും പട്ടക്കാരുടെയും പട്ടം മാഞ്ഞു് അവർ വെറും അൽമായക്കാരായിത്തീരുമെന്നുള്ള പാത്രിയൎക്കീസു കക്ഷിക്കാരുടെ വാദം പുരാതനസഭയിൽ കേട്ടുകേൾവിപോലുമില്ലാത്ത ഒരബദ്ധോപദേശമാണു്. മാമോദീസാ, മൂറോൻ (സ്ഥിരീകരണം), പട്ടം എന്നീ മൂന്നുകൂദാശകൾ ഒരിക്കലും ആവൎത്തിച്ചുകൊടുക്കുന്നതല്ല. ഈ കൂദാശകൾ സ്വീകരിച്ചിട്ടുള്ളവർ വിശ്വാസം മുഴുവനായി പരിത്യജിച്ചു മഹമ്മദീയനോ പുറജാതിക്കാരനോ ആയാലും അനുതപിച്ചു തിരികെവന്നാൽ തക്കതായ പ്രായശ്ചിത്തം നല്കി അവരെ സഭയിൽ സ്വീകരിക്കുന്ന പതിവാണു പുരാതനകാലം തുടങ്ങി സഭയിലുള്ളതു്. ഇങ്ങനെ ഈ മൂന്നു കൂദാശകൾ ഒരിക്കൽ ശരിയായി സ്വീകരിച്ചാൽ എന്തെല്ലാം കുററം ചെയ്താലും രണ്ടാമതു ഈ കൂദാശകൾ കൊടുക്കുന്നതല്ല.

പട്ടക്കാരൻെറ ജീവിതദുഷ്യത്താൽ കൂദാശകൾ അസാധുവായിത്തീരുകയില്ലെന്നു (invalid) എല്ലാ സഭക്കാരും വിശ്വസിക്കുന്നു. കൊലപാതകം ചെയ്ത പട്ടക്കാരൻ മാമോദീസാ, വി. കുർബാന മുതലായ കൂദാശകൾ അനുഷ്ഠിച്ചാലും ആ കൂദാശകൾ വാസ്തവമാകും (valid). ഇതുപോലെ മുടക്കപ്പെട്ട

www.malankaralibrary.com

പട്ടക്കാരൻ മാമ്മോദീസാ മുക്കിയാൽ മാമ്മോദീസാ സാധുവാകും; വി. കുർബാനചൊല്ലിയാൽ അപ്പവീഞ്ഞുകൾ കർത്താവിന്റെ ശരീരരക്തങ്ങളാകും. എന്നാൽ കഠിനപാപത്തിൽ ഇരിക്കുന്ന പട്ടക്കാരനും, മുടക്കപ്പെട്ട പട്ടക്കാരനും ക്രൂദാശകൾ അനുഷ്ഠിക്കുമ്പോൾ അവ സാധുവാകുമെങ്കിലും അയോഗ്യമായി ക്രൂദാശകൾ അനുഷ്ഠിക്കുന്നു എന്ന കാരണത്താൽ ആ പട്ടക്കാരനു ക്രൂദാശയിൽ നിന്നു അനുഗ്രഹങ്ങൾ കിട്ടുകയില്ലെന്നു മാത്രമല്ല പുണ്യവസ്തുദൂഷണം (Sacrilege) എന്ന ഭയങ്കര പാപംകൂടി ഉണ്ടാകുന്നതിനു് ഇടവരുന്നു. ഇതുപോലെ മുടക്കപ്പെട്ട പട്ടക്കാരന്റെ ക്രൂദാശകളിൽ മുടക്കപ്പെട്ടതു അറിഞ്ഞുകൊണ്ടു പങ്കുകൊള്ളുന്നവർക്കും ആ ക്രൂദാശകൾ സ്വീകരിക്കുന്നവർക്കും ദൈവാനുഗ്രഹം ലഭിക്കാതെ പാപം വർദ്ധിക്കുന്നതിനു് ഇടയാകുന്നു.

ഗവമ്മെണ്ടിന്റെ ലൈസൻസ് ഇല്ലാതെ മോട്ടർകാർ ഓടിച്ചാൽ കാർ ഓടുമെങ്കിലും അതു ഓടിക്കുന്നവൻ ശിക്ഷാർഹനായിത്തീരുമല്ലോ. ന്യായാനുസരണം വിവാഹം ചെയ്യപ്പെട്ട ഭാര്യയിൽനിന്നും കുട്ടികൾ ജനിക്കുന്നതുപോലെ വ്യഭിചാരം വഴിയായി അന്യസ്ത്രീയിൽനിന്നും ഒരാൾക്കു കുട്ടികൾ ജനിക്കാം. കുട്ടികൾ രണ്ടും ഒരേ അപ്പന്റെ മക്കളാണെങ്കിലും വ്യഭിചാരം നിയമവിരുദ്ധമായ ഒരു പ്രവൃത്തിയാകയാൽ മഹാപാപമാണു്. ഇതുപോലെ മുടക്കപ്പെട്ട പട്ടക്കാരൻ നടത്തുന്ന മാമ്മോദീസാ, കുർബാന മുതലായ ക്രൂദാശകൾ സാധുവായിത്തീരുമെങ്കിലും നിയമവിരുദ്ധമായി— സഭയുടെ കല്പനയ്ക്കു എതിരായി ആ ക്രൂദാശകൾ നടത്തുന്നതുകൊണ്ടു ആ പട്ടക്കാരനും അവയിൽ അറിഞ്ഞുകൊണ്ടു സഹകരിക്കുന്നവർക്കും ഭയങ്കര പാപം ഉണ്ടാകുന്നു. കോളറാ പിടിപെട്ട ഒരു രോഗി നല്കുന്ന പഞ്ചസാരയ്ക്കു മററുള്ളവർ നല്കുന്ന പഞ്ചസാരപോലെ നല്ല മാധുര്യമുണ്ടെങ്കിലും കോളറാ പിടിപെട്ടവനിൽനിന്നു ആരും പഞ്ചസാര വാങ്ങി ഉപയോഗിക്കയില്ല. ഇതുപോലെ പട്ടക്കാരന്റെ മുടക്കിൽ നില്ക്കുന്ന ഒരു പട്ടക്കാരൻ അനുഷ്ഠിക്കുന്ന മാമ്മോദീസാ, കുർബാന മുതലായവ മററു പട്ടക്കാർ നിർവ്വഹിക്കുന്ന ക്രൂദാശ

www.malankaralibrary.com

കരംപോലെ വാസ്തവമാണെങ്കിലും ആ പട്ടക്കാരൻ മുടക്കപ്പെട്ടവനാണെന്നു അറിഞ്ഞിട്ടും അദ്ദേഹത്തിൽനിന്നു കൂദാശകരം സ്വീകരിക്കുന്നവർ ആ പട്ടക്കാരനെപ്പോലെ മഹറോൻ ശിക്ഷയിൽ ഉരംപ്പെടുന്നു. ആകയാൽ ഒരു സഭയിലെ കൂദാശകളിൽനിന്നു ദൈവാനുഗ്രഹം ലഭിക്കണമെങ്കിൽ രണ്ടു വ്യവസ്ഥകരം പാലിച്ചിരിക്കണം 1) കൂദാശകരം സാധുവായി (valid) അനുഷ്ഠിക്കപ്പെടണം. ഉദാഹരണം: മാമ്മോദീസാ മുക്കുമ്പോരം സ്വാഭാവികജലം ഉപയോഗിച്ചു ത്രിത്വത്തിന്റെ നാമത്തിൽ തിരുസഭയുടെ ഉദ്ദേശ്യത്തിൽ മുക്കണം; യഥാർത്ഥ പട്ടമുള്ള പുരോഹിതൻ അപ്പവീഞ്ഞുകരം കൂദാശചെയ്യുന്നു എന്നുള്ള ഉദ്ദേശ്യത്തോടെ കൂദാശ വചനങ്ങരം ഉച്ചരിക്കണം 2) കൂദാശകരം നിയമാനുസരണമായി (lawful) അനുഷ്ഠിക്കപ്പെടണം, അതായതു കൂദാശകരം കൈകാര്യം ചെയ്യുന്ന മേല്പട്ടക്കാരും പട്ടക്കാരും സഭയുടെ നിയമങ്ങളനുസരിച്ചു പ്രവർത്തിക്കണം. ഉദാഹരണം: മേല്പട്ടക്കാരും പട്ടക്കാരും മുടക്കപ്പെട്ട സ്ഥിതിയിലായിരിക്കരുതു്. ഇങ്ങനെ കൂദാശകരം അനുഗ്രഹപ്രദമാകണമെങ്കിൽ അവ സാധുവും നിയമാനുസരണവുമായിരിക്കണം (valid and lawful). യാക്കോബായ, നെസ്തോറിയൻ ആദിയായ സഭകളിൽ കൂദാശകരം സാധുവാണെങ്കിലും നിയമാനുസരണമല്ല. നിയമാനുസരണമാകാത്തതു യാക്കോബായ നെസ്തോറിയൻ ആദിയായ സഭകരം കത്തോലിക്കാസഭയാൽ നിയമാനുസരണം മുടക്കപ്പെട്ടതും ബഹിഷ്കരിക്കപ്പെട്ടതുമായ സഭകളായതുകൊണ്ടാണു്. ആകയാൽ ഈ സഭകളിലെ കൂദാശകളിൽ നിന്നു ദൈവാനുഗ്രഹം കിട്ടുകയില്ലെന്നു മാത്രമല്ല, ഇവ മുടക്കപ്പെട്ട സഭകളാണെന്നു അറിഞ്ഞിട്ടും ഇവയിൽ നിന്നു കൂദാശകരം സ്വീകരിക്കുന്നവക്കു പാപം വർദ്ധിക്കുന്നതിനു് ഇടവരുന്നു.

വട്ടശേരി തിരുമേനിയെ മുടക്കിയ അബ്ദുള്ളാ പാത്രിയക്കീസിന്റെ മുടക്കു നിയമാനുസരണമല്ലാത്തതിനാൽ ആ മുടക്കു വകവയ്ക്കേണ്ട ആവശ്യമില്ലെന്നു വട്ടശ്ശേരിതിരുമേനിയും ഓർത്തഡോക്സ് കക്ഷിക്കാരും ഇപ്പോഴും വാദിക്കുന്നതിൽ നിന്നു നിയമാനുസരണമായ മുടക്കു വകവയ്ക്കേണ്ടതാണെന്നുള്ള സത്യം അവർ സമ്മതിക്കുന്നുണ്ടല്ലോ. അബ്ദുള്ളാ മുടക്കി

www.malankaralibrary.com

യത്തു നിയമാനുസരണമോ അല്ലയോ എന്നുള്ള കാര്യം യാക്കോബായസഭയ്ക്കു തീരുമാനിക്കുവാൻ ഇതുവരെ സാധിക്കാത്തതിനാൽ 44 കൊല്ലമായി കോടതിയെ രണ്ടു വിഭാഗക്കാരും അഭയം പ്രാപിച്ചിരിക്കയായിരുന്നു. 1956 ഡിസംബർ 31-ാംനു കേരളാ ഹൈക്കോടതിയിൽ ഉണ്ടായ സമുദായക്കേസുവിധിയിൽ വട്ടശ്ശേരിൽ തിരുമേനി മാത്രമല്ല, കാതോലിക്കായെമലങ്കരയിൽവാഴിച്ച അബ്ദുൽമിശിഹാപാത്രിയർക്കീസും നിയമാനുസരണം മുടക്കപ്പെട്ടവനാണെന്നു പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഈ വിധി ശരിയല്ലെന്നുപറഞ്ഞു ഓർത്തഡോക്സ് കക്ഷി സുപ്രീംകോടതിയിൽ അപ്പീൽകൊടുക്കുവാൻ പോകുന്നു. സുപ്രീംകോടതിയുടെ വിധി എങ്ങനെ വന്നാലും, 451-ൽ കൽക്കദോനിയാ സൂനഹദോസ് ഏകസ്വഭാവവാദികളെ മുടക്കി ഏക സത്യസഭയിൽ നിന്നു ബഹിഷ്കരിച്ചു എന്നുള്ള കാര്യം യാക്കോബായക്കാർക്കു എതിർക്കാൻ സാധിക്കാത്തവിധം അനിഷേധ്യമായി തീരുമാനിക്കപ്പെട്ട ഒരു സംഗതിയാണ്. (ഫാദർ വടശ്ശേരി, മലങ്കര യാക്കോബായക്കാർ ഏക സ്വഭാവവാദികളൊ? പുറം 51—75 കാണുക). നിയമാനുസരണമായ മുടക്കിന്റെ ദുഷ്ഫലങ്ങൾ വകവയ്ക്കുന്ന പാത്രിയർക്കീസുകക്ഷിക്കാരും, ഓർത്തഡോക്സ് കക്ഷിക്കാരും എല്ലാ പാത്രിയർക്കീസുമാരുടെയും തലവനെന്നു ഹൂദായ കാനോനും അറബികാനോനാകളും വിളിച്ചുപറയുന്ന റോമ്മാ പാത്രിയർക്കീസിന്റെ ഈ മുടക്കിനെ മനഃപൂർവ്വം അനുസരിക്കാതെ വിശുദ്ധ കൂദാശകൾ അനുഷ്ഠിക്കുന്നതും സ്വീകരിക്കുന്നതും ദൈവേഷ്ടത്തിനും, സഭയുടെ കാനോനാകൾക്കും വിപരീതമായ പ്രവൃത്തികളാകയാൽ അനുഗ്രഹപ്രദവും നിത്യരക്ഷയ്ക്കു പര്യാപ്തവുമോ? ആകയാൽ യാക്കോബായ സഭയിലെ കൂദാശകൾ സാധുവാണെങ്കിലും റോമ്മാ പാത്രിയർക്കീസിന്റെ ഐക്യത്തിൽ നിന്നു ആ സഭ വേർപെട്ടിരിക്കുന്ന-മുടക്കപ്പെട്ടിരിക്കുന്ന-കാലത്തോളം യാക്കോബായ സഭയിലെ കൂദാശകളിൽ നിന്നു ദൈവാനുഗ്രഹം കിട്ടുന്നതല്ല. ദൈവാനുഗ്രഹം ലഭിക്കാത്തവിധം യാക്കോബായസഭയിൽ അയോഗ്യമായി കൂദാശകൾ അനുഷ്ഠിക്കുന്നതും സ്വീകരിക്കുന്നതും പുണ്യവസ്തുദൂഷണം (Sacrilege) എന്ന ഭയങ്കരപാപമാണ്. കൊല-

www.malankaralibrary.com

പാതകം, മന്ത്രവാദം മുതലായ പാപങ്ങൾ ചെയ്തു ഒരു പട്ടക്കാരൻ ചൊല്ലുന്ന കുർബാന അദ്ദേഹത്തിനു അനുഗ്രഹപ്രദമാകാത്തതുപോലെ മുടക്കപ്പെട്ട പട്ടക്കാരൻ ചൊല്ലുന്ന കുർബാനയും അനുഗ്രഹപ്രദമാകയില്ല. എന്നാൽ മുടക്കു നിമിത്തം പട്ടക്കാരനുമാത്രമല്ല അറിഞ്ഞുകൊണ്ടു ആ കുർബാനയിൽ സംബന്ധിക്കുന്നവർക്കും, മുടക്കപ്പെട്ട ആ പട്ടക്കാരനിൽ നിന്നു കൂദാശകൾ സ്വീകരിക്കുന്നവർക്കും ഭയങ്കരപാപങ്ങൾ ഉണ്ടാകുന്നു. ഇക്കാരണത്താലാണു യാക്കോബായക്കാർ കത്തോലിക്കസഭയിൽ പ്രവേശിക്കണമെന്നു കത്തോലിക്കർ പറയുന്നതു്.

## 5. പുറജാതിക്കാരെ മാനസാന്തരപ്പെടുത്തരുതോ?

ഹിന്ദുക്കൾ, മഹമ്മദീയർ ആദിയായ പുറജാതിക്കാർ നമ്മുടെ നാട്ടിൽ ധാരാളമുള്ളപ്പോൾ കത്തോലിക്കരെന്തിനാണു് യാക്കോബായക്കാർ, മാർത്തോമ്മാക്കാർ ആദിയായ ക്രിസ്ത്യാനികളെ കത്തോലിക്കസഭയിൽ ചേർക്കുന്നതു എന്നത്രേ യാക്കോബായക്കാർക്കും മററും മനസ്സിലാകാത്ത വേറൊരു സംഗതി.

ഇന്നു ലോകത്തിലുള്ള 46½ കോടി കത്തോലിക്കർ ആകാശത്തിൽ നിന്നു പൊഴിഞ്ഞുവീണവരല്ല. സഭയുടെ ആദിമശതാബ്ദങ്ങളിൽ തുടങ്ങി ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള അക്രൈസ്തവമതങ്ങളിൽ നിന്നു സഭയിൽ പ്രവേശിച്ചവരുടെ സന്തതികളാണു ഇന്നത്തെ കത്തോലിക്കരിൽ ബഹുഭൂരിപക്ഷവും. ഇക്കാലത്തും കത്തോലിക്കസഭയിലെ നിരവധി പ്രേഷിതന്മാർ അമേരിക്കയിലെ റെഡ് ഇൻഡ്യരുടെയും, ആഫ്റിക്കയിലെ നീഗ്രോകളുടെയും, ദക്ഷിണോത്തരധ്രുവങ്ങളിലെ എസ്കിമോ വർഗ്ഗക്കാരുടെയും, ചൈനയിലെയും ജപ്പാനിലെയും ബുദ്ധമതക്കാരുടെയും കൺഫ്യൂഷ്യനിസ്ററുകാരുടെയും മററും ഇടയിൽ സുവിശേഷം പ്രസംഗിച്ചു അവരെ കത്തോലിക്കരാക്കുകയും പുതിയ പുതിയ രൂപതകൾ രൂപവൽക്കരിക്കയും ചെയ്തുവരുന്നു. ഇൻഡ്യയിൽതന്നെ കേരളത്തിനു വെളിയിലുള്ള അറുപതോളം രൂപതകളിൽ പുറജാതികളിൽ നിന്നുള്ള മാനസാന്തരങ്ങളാലാണു മിക്കവാറും ഉണ്ടാ

www.malankaralibrary.com

യിക്കൊണ്ടിരിക്കുന്നതു്. അവിടെയെങ്ങും യാക്കോബായക്കാരോ മാർത്തോമ്മാക്കാരോ ഇല്ല. യാക്കോബായക്കാരും മററും പുറജാതിക്കാരുടെ ഇടയിൽ ജോലി ചെയ്യുന്നതിനേക്കാൾ ശ്രദ്ധയോടും തീക്ഷ്ണതയോടുംകൂടിയാണ് കേരളീയ കത്തോലിക്കർ ഈ വിഷയത്തിൽ പ്രവർത്തിച്ചുവരുന്നതു്. കേരളത്തിലെ വിവിധരൂപതകളിൽ നിന്നു പ്രത്യേകിച്ചു ചങ്ങനാശേരി, പാലാ എന്നീ രൂപതകളിൽ നിന്നു ധാരാളം പ്രേഷിതർ കേരളത്തിനു വെളിയിലുള്ള എല്ലാ രൂപതകളിലും ഇന്നു ജോലി ചെയ്തുകൊണ്ടിരിക്കുന്നു. കേരളത്തിലെ രണ്ടുമൂന്നു രൂപതകളിൽ പുറജാതിക്കാരിൽ നിന്നുള്ള മാനസാന്തരങ്ങളാലാണു പ്രതിവർഷം ജനസംഖ്യ ഗണ്യമായി വർദ്ധിച്ചുവരുന്നതു്.

ഏക സത്യസഭയിൽ നിന്നു പാഷണ്ഡതയോ ശീശ്മയോ നിമിത്തം ഓരോരോ കാലത്തു വേർപിരിഞ്ഞിട്ടുള്ള നെസ്തോറിയൻ, യാക്കോബായ, ഗ്രീക്കു, പ്രോട്ടസ്റ്റൻറ് ആദിയായ സഭകളിൽപെട്ടവരെയും സത്യസഭയിലേക്കു കൊണ്ടുവരേണ്ട ആവശ്യമുണ്ടു്. "ഈ തൊഴുത്തിൽ ഉള്ളവയല്ലാത്ത വേറെ ആടുകളും എനിക്കുണ്ടു്. അവയെയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു....ഇങ്ങനെ ആട്ടിൻകൂട്ടം മുഴുവൻ ഒന്നും, ഒരിടയനും ആകും" (യോഹ. 10, 16) എന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നു. എല്ലാവരും ഏക സത്യസഭയിൽ—ഒരു തൊഴുത്തിലും വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമിയായ റോമ്മാ പാത്രിയക്കീസ് എന്ന ഏക ഇടയൻെറ കീഴിലും— വന്നുചേരണമെന്നുള്ള ക്രിസ്തുവിൻെറ അഭിലാഷത്തെ നിറവേററുവാൻ വേണ്ടിയാണ് പുറജാതിക്കാരെ മാത്രമല്ല ഏക സത്യസഭയിൽ നിന്നു ഭിന്നിച്ചുപോയ ക്രിസ്ത്യാനികളെയും സത്യസഭയിൽ പ്രവേശിപ്പിക്കുന്നതിനു കത്തോലിക്കർ യഥാശക്തി പരിശ്രമിച്ചുവരുന്നതു്.

ആരിയോസ്, നെസ്തോറിയസ് ആദിയായവരെ സഭയിൽനിന്നു ബഹിഷ്കരിച്ചതു് അവർ അബദ്ധോപദേശങ്ങളെ ഉപേക്ഷിക്കാതെ ദുശ്ശാഠ്യത്തോടെ അവയിൽ നിന്നതു നിമിത്തമാണ്. അവരുടെയും അവരുടെ പിൻഗാമികളുടെ

www.malankaralibrary.com

യും തിരിച്ചുവരവിനായി സഭ എപ്പോഴും ആഗ്രഹിച്ചിരുന്നു. യാക്കോബായക്കാർ വി. കർബാനയിൽ അനുസ്മരിച്ചു മാദ്ധ്യസ്ഥം യാചിക്കുന്ന ഇഗ്നാത്തിയോസ്, ക്ലീമ്മീസ്, അത്താനാസ്യോസ്, കൂറില്ലോസ്, ബസ്സേലിയോസ്, ഈവാനിയോസ് ആദിയായവരും, സിപ്രിയൻ, ജറോം, ആഗസ്തീനോസ് ആദിയായവരുമായ ജഗൽപ്രസിദ്ധപരിശുദ്ധപിതാക്കന്മാർ ഗ്നോസ്റ്റിക്കു, മൊച്ചേത്തെ, ആരിയൻ, മെലേസിയൻ, ഡൊനാററിസ്റ്റ്, പെലാജിയൻ, നെസ്തോറിയൻ ആദിയായ പാഷണ്ഡതകളെയും ശീശ്മകളെയും നശിപ്പിച്ച് എല്ലാവരെയും സത്യവിശ്വാസത്തിലേക്കും, ഏക സത്യസഭയുടെ ഐക്യത്തിലേക്കും കൊണ്ടുവരുവാൻ ആജീവനാന്തം തീവ്രമായി യത്നിച്ചവരാണ്. വി. കർബാനയിൽ യാക്കോബായക്കാർ ചൊല്ലുന്ന ചില പ്രാർത്ഥനകൾ കേട്ടാലും: —"കർത്താവേ, ഞങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന വേദവിപരീതങ്ങളെ നീ മായിച്ചുകളയണമേ....... കർത്താവേ! ഞങ്ങൾക്കെതിരായി ദോഷമായി സംസാരിക്കുന്ന വേദവിപരീതികളുടെ വാകളെ നീ അടയ്ക്കുകയും അവയെ മൌനമാക്കുകയും ചെയ്യണമെ" (ഓർത്തോഡോക്സു സുറിയാനിസഭയുടെ കർബാനതക്സാ, കോട്ടയം, 1940, പുറം 40, 128–129). മൂന്നുനോമ്പിൽ ഏഴരയുടെ പ്രാർത്ഥനയിൽ യാക്കോബായക്കാർ പാടുന്നു:—

"നാഥാ! നിൻസഭയിൽഭിന്നത — യുണ്ടാവല്ലേ,
നിൻയോജിപ്പെന്നും സഭയിൽപാലിച്ചീടണമേ.
വഞ്ചിപ്പവരിൽ—നിന്നെല്ലാ—മൊഴിവാക്കണമേ,
അവരുടെദിവസങ്ങളുമവസാ—നിക്കണമേ".

ഇങ്ങനെ സഭയിൽ വേദവിപരീതങ്ങളും, ഭിന്നതകളും (ശീശ്മകളും) ഉണ്ടാകരുതെന്നും, ഉണ്ടായവയെല്ലാം നശിക്കണമെന്നും ഇപ്പോഴും വി. കർബാനയിലും മററും പ്രാർത്ഥിച്ചുവരുന്ന യാക്കോബായക്കാരാണ ശീശ്മയും പാഷണ്ഡതകളും നിമിത്തം ഏക സത്യസഭയിൽനിന്നു വേർപെട്ടവരെ സത്യസഭയിലേക്കു കൊണ്ടുവരേണ്ടെന്നും, പുറജാതിക്കാരെമാത്രം മാനസാന്തരപ്പെടുത്തിയാൽ മതിയെന്നും ഉപദേശിച്ചുവരുന്നതു് "ഏട്ടിലപ്പടി, പയററിലിപ്പടി" എന്നു പറഞ്ഞതുപോലെയുള്ള രീതിയല്ലേ ഇതു്? യാക്കോബായസഭ ബഹുമാ

www.malankaralibrary.com

നിച്ചുവരുന്ന വിശുദ്ധ പിതാക്കന്മാരുടെ പൂർവ്വിക വിശ്വാസത്തിൽനിന്നു എത്രമാത്രം ഈ സഭ ഇക്കാലത്തു വ്യതിചലിച്ചുപോയിട്ടുണ്ടെന്നു ഇതിൽ നിന്നു മനസ്സിലാക്കരുതോ?

കേരളീയ യാക്കോബായ സഭയിൽനിന്നു ഭിന്നിച്ചുപോയവരാണല്ലോ നമ്മുടെ നാട്ടിലെ മാർത്തോമ്മാ, പ്രോട്ടസ്റ്റൻറു, ബ്രദർ ആദിയായ സഭക്കാർ. മാർത്തോമ്മാക്കാർ കുമ്പസാരമെന്ന കൂദാശയെ നിഷേധിക്കുന്നു. വി. കർബാന അവർക്കു ബലിയല്ല. ബ്രദർകാർ പൌരോഹിത്യം സ്വീകരിക്കുന്നില്ല, കുട്ടികളെ മാമ്മോദീസാ മുക്കുകയില്ല. രക്ഷാസൈന്യക്കാർ ഒരു കൂദാശപോലും സ്വീകരിക്കുന്നവരല്ല. ഇവരെല്ലാം ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെട്ടുവരുന്നു. ഇവരെ സത്യവിശ്വാസത്തിൽ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നും, പുറജാതിക്കാരെ മാത്രം മാനസാന്തരപ്പെടുത്തിയാൽ മതിയെന്നും പറയുന്ന യാക്കോബായക്കാർ "എന്റെ സഹോദരന്റെ കാവൽക്കാരൻ ഞാനോ?" (ഉല്പത്തി. 4, 9) എന്നു പണ്ടു ദൈവത്തോടു ചോദിച്ച ഭ്രാതൃഘാതകനായ കായേന്റെ ധിക്കാരപൂർവ്വകമായ ചോദ്യം ആവർത്തിക്കയല്ലേ ചെയ്യുന്നതു്?

ക്രിസ്ത്യാനികളുടെ ഇടയിലെ ഭിന്നതകൾ അവസാനിപ്പിച്ചു ഏക സത്യസഭയിൽ എല്ലാവരും വന്നുചേർന്നാൽ പുറജാതികളുടെ മാനസാന്തരം എത്ര ക്ഷിപ്രസാദ്ധ്യമാകുമായിരുന്നു! ക്രിസ്തുമതത്തിൽതന്നെ വിഭിന്നങ്ങളായ പല ഉപദേശങ്ങളുള്ളപ്പോൾ ഒരു പുറജാതിക്കാരൻ ഏതു സഭയിൽ ചേരും? സഭ ഒന്നായാൽ പുറജാതികളുടെ മാനസാന്തര വിഷയത്തിലുള്ള ഏററവും വലിയ പ്രതിബന്ധം നീങ്ങുന്നതാണു്. ഇതാകുന്നു ഭിന്നിച്ചുനില്ക്കുന്ന അകത്തോലിക്കരെ കത്തോലിക്കാസഭയിലേക്കു ക്ഷണിക്കുന്നതിന്റെ വേറൊരുകാരണം.

"സഭയെ കേൾക്കാത്തവൻ ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും നിനക്കായിരിക്കട്ടെ" (മത്താ. 18, 17) എന്നു ക്രിസ്തു അരുളിച്ചെയ്യുന്നു. ശീശ്മയോ പാഷണ്ഡതയോ നിമിത്തം സഭയ്ക്കു വെളിയിൽ പോയവർ ക്രിസ്തു സ്ഥാപിച്ച ഏക സത്യസഭയെ കേൾക്കാത്തവരാണു്. എന്തെല്ലാം പുണ്യങ്ങളും യോഗ്യതകളുമുണ്ടായിരുന്നാ

www.malankaralibrary.com

ലും ആത്മരക്ഷ നഷ്ടപ്പെടുന്നതിന് പല പാപങ്ങൾ വേണമെന്നില്ല, ഒരു കഠിനപാപത്തിൽ ഇരുന്നാൽ മതി. നെസ്തോറിയസ് നരകത്തിലാണെന്നു യാക്കോബായക്കാർ പറയുന്നതു സഭയെ കേൾക്കാതെ സഭയിൽനിന്നു ബഹിഷ്കൃതനായതിനാലാണ്. ആകയാൽ ഒരു ക്രിസ്ത്യാനിക്കു എന്തെല്ലാം മഹാത്മ്യങ്ങളും യോഗ്യതകളുമുണ്ടായിരുന്നാലും അവൻ ഏകസത്യസഭയ്ക്കു വെളിയിലാണെങ്കിൽ അവന്റെ ആത്മരക്ഷ പുറജാതിക്കാരുടെയും മഹാപാപികളായി ഗണിക്കപ്പെട്ടിരുന്ന ചുങ്കക്കാരുടെയുംപോലെ അപകടത്തിലാണെന്നത്രേ മുകളിൽ ഉദ്ധരിച്ച ക്രിസ്തുവചനത്തിന്റെ ശരിയായ അർത്ഥം. ഇക്കാരണത്താലാണു കത്തോലിക്കാസഭ പുറജാതിക്കാരെ സഭയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതുപോലെ അകത്തോലിക്കരെയും കത്തോലിക്കാസഭയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതു്. ഒരപകടമുണ്ടായാൽ നമ്മുടെ കുടുംബത്തിൽപെട്ടവരെയും, നമുക്കു ഏററം ഇഷ്ടമുള്ളവരെയും രക്ഷിക്കുവാനാണല്ലോ നാം ആദ്യമായി ആഗ്രഹിക്കുന്നതു്. കേരളത്തിലെ യാക്കോബായക്കാരും മാർത്തോമ്മാക്കാരും മററു മലങ്കര സുറിയാനി കത്തോലിക്കരോടു ഏററവും അടുത്തവരും, സ്നേഹത്തിലും കുടുംബബന്ധത്തിലുമുള്ളവരുമാണു്. തന്നിമിത്തം പുറജാതിക്കാരുടെ രക്ഷയെക്കാൾ ഇവരുടെ രക്ഷയിൽ കത്തോലിക്കർ സ്വാഭാവികമായി കൂടുതൽ ജാഗ്രത കാണിക്കുന്നു. ഇതിൽ അവരെ കുററം പറയേണ്ടതില്ലല്ലോ.

അകത്തോലിക്കർ പറയുന്നതുപോലെ പുറജാതിക്കാരെയെല്ലാം മാനസാന്തരപ്പെടുത്തിയിട്ട് അകത്തോലിക്കരെ മാനസാന്തരപ്പെടുത്താൻ ശ്രമിച്ചാൽ അനേകം അകത്തോലിക്കരുടെ ആത്മരക്ഷ അപകടത്തിലാകും. പുറജാതികളെല്ലാം എന്നു മാനസാന്തരപ്പെടും? അതുവരെയുള്ള അകത്തോലിക്കരുടെ സ്ഥിതി എന്തു്? നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന പണ്ഡിതാഗ്രേസരനായ വി. ജറോം എന്ന സഭാപിതാവു കത്തോലിക്കാസഭയ്ക്കു വെളിയിൽ നില്ക്കുന്നവരെ നോഹിന്റെ പെട്ടകത്തിൽ പ്രവേശിക്കാതെ ജലപ്രളയത്തിൽ അകപ്പെട്ടവരോടാണു് ഉപമിക്കുന്നതു്. കപ്പൽഅപകടത്തിൽപ്പെട്ടു മുങ്ങിമരിക്കാൻ തുടങ്ങുന്നവരെ രക്ഷിക്കുന്നതിന് ഒരു

www.malankaralibrary.com

ബോട്ടു വന്നാൽ ആരെ ആദ്യം രക്ഷിക്കും? മൂക്കുമാത്രം മുങ്ങിയവരെയും ബോട്ടിനു വളരെ അടുത്തുള്ളവരെയും ഉപേക്ഷിച്ചിട്ടു വലിയ ആഴത്തിൽ താണുപോയവരെയും, ദൂരെയുള്ളവരെയും രക്ഷിപ്പാൻ ആ ബോട്ടുപോയാൽ കടിച്ചതുമില്ല, പിടിച്ചതുമില്ല എന്ന സ്ഥിതി വരികയില്ലേ? ഏതു മീൻപിടിത്തക്കാരനാണ് സമീപത്തു നിഷ്പ്രയാസം ലഭിക്കാവുന്ന ധാരാളം മത്സ്യങ്ങളെ ഉപേക്ഷിച്ചിട്ടു വളരെ ദൂരെ ഭയങ്കര കയത്തിൽ കിടക്കുന്ന മത്സ്യങ്ങളെമാത്രം പിടിക്കുവാൻ വെമ്പൽകൊള്ളുന്നതു്? യാക്കോബായ, ഗ്രീക്കു എന്നീ സഭക്കാരെ കത്തോലിക്കാ വിശ്വാസസത്യങ്ങൾ എളുപ്പത്തിൽ ബോദ്ധ്യപ്പെടുത്താം. കാരണം ഈ സഭകൾ തമ്മിൽ വിശ്വാസസത്യങ്ങളിൽ കാതലായ വ്യത്യാസമില്ല. എന്നാൽ പല പാഷണ്ഡോപദേശങ്ങൾ സ്വീകരിച്ചിട്ടുള്ള നെസ്തോറിയൻ, മാർത്തോമ്മാക്കാർ, ബ്രദർകാർ, പെന്തിക്കോസ്തുകാർ ആദിയായവരെ മാനസാന്തരപ്പെടുത്തുന്നതിനു ഒന്നുകൂടി വിഷമമുണ്ടു്. അതിലും വിഷമമാണു ക്രിസ്തുവിനെ ലോകരക്ഷകനും ദൈവപുത്രനുമായി വിശ്വസിക്കാത്ത പുറജാതിക്കാരെ മാനസാന്തരപ്പെടുത്തുവാൻ. അകത്തോലിക്കർ അകത്തോലിക്കാസഭകളിൽ മരിച്ചു ആത്മരക്ഷ അപകടത്തിലാകുന്നതിനുമുമ്പു അവരെ സഭാകപ്പലിൽ പ്രവേശിപ്പിക്കേണ്ടിയിരിക്കുന്നു. പുറജാതികളെയെല്ലാം മാനസാന്തരപ്പെടുത്തിയിട്ടാവട്ടെ ഇവരെ രക്ഷിപ്പാൻ എന്നുവച്ചാൽ കാര്യം വലിയ കുഴപ്പത്തിലാകും. എന്തുകൊണ്ടെന്നാൽ കത്തോലിക്കാസഭയുടെ ദൃഷ്ടിയിൽ എല്ലാവരുടെയും ആത്മരക്ഷ ഒരുപോലെ വിലയുള്ളതാണു്. ആകയാൽ അകത്തോലിക്കരുടെയും പുറജാതികളുടെയും ആത്മരക്ഷയിൽ അവർ അതീവശുഷ്കാന്തി കാണിച്ചുവരുന്നു. അകത്തോലിക്കരുടെ സഭാപ്രവേശത്തിനു നാനാസ്ഥലങ്ങളിലും അസംഖ്യം പ്രേഷിതർ ശ്രമിക്കുന്നെങ്കിൽ പുറജാതികളുടെ മാനസാന്തരത്തിനും ലോകത്തിന്റെ നാനാഭാഗങ്ങളിലും അനേകം മിഷ്യനറിമാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ കത്തോലിക്കാസഭയെ പഴിച്ചുകൊണ്ടു പുറജാതിക്കാരെ മാത്രം മാനസാന്തരപ്പെടുത്തിയാൽ പോരേ എന്നു ചോദിക്കുന്നവർ മനുഷ്യാത്മാവിന്റെയും നിത്യരക്ഷയുടേയും വില ശരിയായി മനസ്സിലാക്കുന്നില്ല.

www.malankaralibrary.com

## 6. പണം മോഹിച്ചല്ലേ "റോമ്മാസഭ"യിൽ ചേരുന്നതു്?

പണമോ, ലൌകികമായ എന്തെങ്കിലും കാൎയ്യലാഭമോ ഉദ്ദേശിച്ചാണു കത്തോലിക്കാസഭയിൽ ആളുകൾ ചേരുന്നതെന്നു അകത്തോലിക്കർ സൎവ്വസാധാരണമായി പറഞ്ഞുവരുന്നു. എന്നാൽ യാക്കോബായസഭയിൽനിന്നു മാൎത്തോമ്മാസഭയിലേക്കും, അവിടെനിന്നു ബ്രദർ, പെന്തിക്കോസ്തു് ആദിയായ വിവിധസഭകളിലേക്കും ആളുകൾ പോയാൽ അവർ വിശ്വാസത്തെപ്രതി സഭ വിട്ടെന്നല്ലാതെ അവരെ സംബന്ധിച്ചു് ഇങ്ങനെയുള്ള ആക്ഷേപങ്ങളൊന്നും ആരും പറയാറില്ല. കത്തോലിക്കാസഭയിൽ ചേരുന്നവൎക്കു മാത്രമാണു കിടക്കപ്പൊറുതിയില്ലാത്തതു്.

ഒരാൾ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതു പണം ആഗ്രഹിച്ചാണോ അല്ലയോ എന്നു ഹൃദയവിചാരങ്ങളെ ശോധന ചെയ്യുന്ന ദൈവത്തിനല്ലാതെ മററാൎക്കു ഖണ്ഡിതമായി ഗ്രഹിക്കുവാൻ സാധിക്കും? ദുരുദ്ദേശ്യത്തോടുകൂടി കത്തോലിക്കാസഭയിൽ വല്ലവരും ചേൎന്നാൽതന്നെയും കത്തോലിക്കാസഭയെ ഒട്ടും പഴിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ അകത്തോലിക്കാസഭകളിൽ തങ്ങൾക്കു ലഭിക്കുമെന്നു് അവർ വിശ്വസിക്കുന്ന ആത്മരക്ഷയെ വിററുതിന്നത്തക്കവണ്ണം ഇങ്ങനെയുള്ള ധനമോഹം സഭാംഗങ്ങളിൽ വളരുവാൻ ഇടയാക്കിയ അകത്തോലിക്കാസഭകൾതന്നെയാണു് അതിനു് ഉത്തരവാദികൾ. എത്ര പണം കൊടുത്താലും കത്തോലിക്കാസഭയിലുള്ളവർ അകത്തോലിക്കാസഭകളിലേക്കു പോകാത്തതു് എന്തുകൊണ്ടു്? കത്തോലിക്കരുടെ പണത്തിനു കൂടുതൽ ആകർഷണശക്തിയുണ്ടായിരിക്കുമോ? ലൌകികമായ നന്മയെ ലാക്കാക്കി വല്ലവരും കത്തോലിക്കാസഭയിൽ ചേൎന്നാൽതന്നെയും കാലക്രമത്തിൽ കത്തോലിക്കാസഭയുടെ ദിവ്യോപദേശങ്ങൾ കേട്ടു സത്യാവസ്ഥ ഗ്രഹിച്ചുകഴിയുമ്പോൾ അവൎക്കു സഭയിൽ പൂൎണ്ണ വിശ്വാസമുണ്ടായി ദുരുദ്ദേശ്യം മാററുന്നതിനും, ആദ്ധ്യാത്മികമായ നന്മകൾ ധാരാളം സമ്പാദിക്കുന്നതിനും ഇടയാകയില്ലെന്നു് ആരറിഞ്ഞു? തിന്മയിൽ നിന്നു നന്മ

www.malankaralibrary.com

ഉളവാക്കുവാൻ ദൈവം ശക്തനാണല്ലോ. ഇങ്ങനെ ലൗകികങ്ങളിൽക്കൂടിയായിരിക്കാം ദൈവം ചിലരെ സത്യത്തിലേക്കും ആദ്ധ്യാത്മികകാര്യങ്ങളിലേക്കും വഴിനടത്തുന്നതു്. അപ്പം വർദ്ധിപ്പിച്ചു തൃപ്തിപ്പെടുത്തിയ ജനക്കൂട്ടത്തെ നമ്മുടെ കർത്താവു ജീവന്റെ അപ്പമായ വി. കുർബാനയെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഗ്രഹിപ്പിച്ച സംഭവം നാം സുവിശേഷത്തിൽ വായിക്കുന്നു (യോഹ. 6, 25–72).

[illegible] അതിരൂപതയിലും തിരുവല്ലാ രൂപത[illegible]ക്കും ചേർന്നിട്ടുള്ള ഒരു ലക്ഷത്തോളം വരുന്ന ജനങ്ങൾ പണമോ ലൗകികമായ മറ്റെന്തെങ്കിലുമോ ലഭിച്ചു [illegible] മനസ്സാക്ഷിയെ വഞ്ചിച്ചും ആത്മരക്ഷയെ അവഗണിച്ചും പ്രവർത്തിക്കുന്നവരാണെന്നു പറയുന്നതു സാഹസമല്ലേ? മാർ ഈവാനിയോസ് ആദിയായി കാലം ചെയ്ത നാലു മേല്പട്ടക്കാരും, ഇപ്പോൾ തിരുവനന്തപുരം അതിരൂപതയെയും തിരുവല്ലാ രൂപതയെയും ഭരിക്കുന്ന തിരുമേനിമാർ, ഇരുനൂറോളം പട്ടക്കാർ, യാക്കോബായ, മാർത്തോമ്മാ മുതലായ സഭകളിൽ നില്ക്കുന്നവരെപ്പോലെതന്നെ ആഭിജാത്യത്തിലും വിദ്യാഭ്യാസത്തിലും മനഃപരിഷ്കാരത്തിലും ബുദ്ധിവൈഭവത്തിലും ധനപ്രൗഢിയിലും തുല്യസ്ഥാനമുള്ള അനേകം അൽമായ പ്രമുഖന്മാർ എന്നിവരും ഉൾപ്പെട്ട ഗണ്യമായ ഒരു ജനസഞ്ചയം പണത്തിന്റെ പുറകെ പോയവരാണെന്നുള്ള അകത്തോലിക്കരുടെ വിധി "നിന്റെ അയൽക്കാരനെതിരായി കള്ളസ്സാക്ഷി പറയരുതു്" (പുറപ്പാടു് 20, 16) എന്നുള്ള ദൈവകല്പനയ്ക്കു വിരുദ്ധമല്ലേ എന്നു സാവകാശം ചിന്തിച്ചുനോക്കേണ്ടതത്രേ.

കത്തോലിക്കസഭയിൽ ചേർന്നവരത്രയും അകത്തോലിക്കസഭകളിൽ നില്ക്കുന്നവരുടെ "അസ്ഥികളിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും" (ഉല്പത്തി 2, 23)—സ്വന്തം കുടുംബാംഗങ്ങൾതന്നെ—സ്വന്തം മാതാപിതാക്കന്മാരോ സഹോദരീസഹോദരങ്ങളോ തന്നെ—ആകയാൽ നിർദ്ദയമായ ഈ വിധി തങ്ങൾക്കുതന്നെ എതിരാണെന്നു്—ഇരിക്കുന്ന കമ്പു വെട്ടുന്നതുപോലെ മൌഢ്യമാണെന്നു്—അകത്തോലിക്കർ ധരിച്ചിരുന്നാൽ കൊള്ളാം. കേരളത്തിൽ മാ

www.malankaralibrary.com

ത്രമല്ല, ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും നെസ്തോറിയൻ, യാക്കോബായ, ഗ്രീക്ക്, പ്രോട്ടസ്റ്റൻറ് ആദിയായ സഭകളിൽനിന്നു കത്തോലിക്കാസഭയിലേക്കു ജോൺ സൂമാക്കാ, മെമക്കാം ജെർവേ, അബ്ദൽമ്ശീഹാ, സിറിൽ കോൺതരീസ് ആദിയായ പാത്രിയർക്കീസുമാർ, കർട്ടിനാൾ ന്യൂമാൻ, കർട്ടിനാൾ മാനിങ്ങ്, ജി. കെ. ചെസ്റ്റർട്ടൻ, പപ്പീനി, മോൺസിഞ്ഞോർ നോക്സ്, ആർനോൾഡ് ലൺ, മർട്ടിൻ ഡെയിൽ ആദിയായ സാഹിത്യകാരന്മാർ, ചിന്തകന്മാർ, പണ്ഡിതന്മാർ, ഗ്രന്ഥകാരന്മാർ മുതലായവർ ഇതിനകം കത്തോലിക്കാസഭയിൽ പ്രവേശിച്ചിട്ടുണ്ട്. അഖിലലോകപ്രസിദ്ധരായ ഈ മഹാത്മാക്കളെല്ലാം പണം മോഹിച്ചും, ലൌകിക കാര്യലാഭങ്ങൾ ഉദ്ദേശിച്ചുമായിരിക്കുമോ കത്തോലിക്കാസഭയെ ആശ്ലേഷിച്ചത്? ഇവരെല്ലാം മനസ്സാക്ഷിയില്ലാത്തവരും. സ്വന്തം ആത്മാവിനെ രക്ഷിക്കണമെന്ന് അശേഷം ചിന്തയില്ലാതെ അതിനെ വിററു പണം വാങ്ങുന്നവരും, വഞ്ചകന്മാരും പെരുങ്കള്ളന്മാരുമോ? മനോബോദ്ധ്യംനിമിത്തം കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നവർ വിദേശരാജ്യങ്ങളിൽ ധാരാളമുണ്ടാകാമെങ്കിൽ നമ്മുടെ നാട്ടിൽ അങ്ങനെയുള്ളവർ ആരുമില്ലെന്നും, എല്ലാവരും കഴുതകൾ പുല്ലിന്റെ പുറകെ എന്നതുപോലെ പണത്തിന്റെ പിന്നാലെ പായുന്ന മനുഷ്യരാണെന്നുമുള്ള അനുമാനം ന്യായയുക്തമോ?

എത്ര പണം കൊടുത്താലും മനുഷ്യരെ തൃപ്തിപ്പെടുത്തു[illegible] ആർക്കും സാധിക്കയില്ല. പത്തുരൂപാ കിട്ടുമ്പോൾ നൂറു കിട്ടണമെന്നും, നൂറു കിട്ടുമ്പോൾ ആയിരം കിട്ടണമെന്നുമാണു മനുഷ്യന്റെ ആഗ്രഹം. അമേരിക്കയിലെ ചില കോടീശ്വരന്മാരെപ്പോലെ തിരുവനന്തപുരത്തെയും തിരുവല്ലായിലെയും വന്ദ്യതിരുമേനിമാർക്കു കോടിക്കണക്കിനു പണമുണ്ടായിരുന്നാലും ഒരുലക്ഷത്തോളം വരുന്ന ആളുകളുടെ സാമ്പത്തികമായ ആവശ്യങ്ങളെല്ലാം സാധിച്ചു കത്തോലിക്കാസഭയിൽ ദീർഘനാൾ അവരെ നിലനിറുത്തുവാൻ ഒരിക്കലും സാധിക്കുന്നതല്ലെന്നു ചിന്താശക്തിയുള്ള ആർക്കും മനസ്സിലാക്കാം. പുനരൈക്യപ്പെട്ടവർക്കു ധാരാളം പണം കിട്ടുന്നുണ്ടെങ്കിൽ പണം വാങ്ങിയശേഷം മരണാസന്നരായ ചിലരെങ്കിലും യാക്കോ

www.malankaralibrary.com

ബായ സഭയിലേക്കും മററും തിരികെപോയി ആ സഭകളിൽ നിന്നു കൂദാശകൾ സ്വീകരിച്ചു ഭാഗ്യകരമായി മരിക്കുവാൻ ആഗ്രഹം കാണിക്കുമായിരുന്നു. "ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നശിപ്പിച്ചാൽ അവന് എന്തു പ്രയോജനമുണ്ടാകും?" (മത്താ. 16, 26) എന്നുള്ള കർത്താവിൻെറ വാക്യം മരണാസന്നരായ ചിലരെങ്കിലും അനുസ്മരിക്കാതിരിക്കുമോ? ഇങ്ങനെ കത്തോലിക്കാസഭയിൽ ചേർന്ന എത്രപേർ നന്നായി മരിക്കുന്നതിനുവേണ്ടി അകത്തോലിക്കാസഭകളിലേക്കു തിരികെ പോയിട്ടുണ്ടെന്നു മാന്യ അകത്തോലിക്കാ സഹോദരങ്ങൾ അന്വേഷിച്ചു പറഞ്ഞാൽ കൊള്ളാമായിരുന്നു. ഇരുപത്തഞ്ചുവർഷം കഴിഞ്ഞിട്ടും കൈവിരലിൽ എണ്ണാൻപോലും അങ്ങനെയുള്ളവരെ ആരും കാണുന്നില്ലെങ്കിൽ മനോബോദ്ധ്യമനുസരിച്ചല്ല, പണം മോഹിച്ചാണു കത്തോലിക്കാസഭയിൽ എല്ലാവരും ചേരുന്നതെന്നുള്ള ആക്ഷേപത്തിനു വല്ല വിലയുമുണ്ടോ?

ഇങ്ങനെ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിൽനിന്നു സത്യാന്വേഷികളെ വഴിതെററിക്കുന്നതിനായി അകത്തോലിക്കാ സഹോദരങ്ങൾ കൊണ്ടുവരുന്ന വാദങ്ങളെല്ലാം ചരിത്ര വസ്തുതകൾക്കും സഭയുടെ പുരാതന വിശ്വാസത്തിനും അവർതന്നെ സ്വീകരിക്കുന്ന സഭാനിയമങ്ങൾക്കും സത്യത്തിനും നീതിക്കും വിരുദ്ധമാകയാൽ സത്യത്തെ സ്നേഹിക്കുന്ന ഹൃദയപരമാർത്ഥികൾ ഒന്നുകൊണ്ടും കുലുങ്ങേണ്ടതില്ല.

*Imprimatur*

Marygiri, Tiruvalla.
18—1—'57.

+ Zacharias Mar Athanasios,
Bishop of Tiruvalla.

St. Joseph's Printing House, Tiruvalla—1957.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com